RAMRAJ
കോട്ടൺ
ഇന്ത്യയുടെ സംസ്കാരം

വാല്യം 7 ● ലക്കം 12 ● ഓഗസ്റ്റ് 2025 ● വില: 18 രൂപ

# വെണ്മ

മലയാളം മാസിക

പുതിയ കാഴ്ചകൾ



## സ്വാതന്ത്ര്യം

### പ്രത്യേക പതിപ്പ്


RAMRAJ
mrithu
TOWELS
SOFT LIKE
Foam
MRITHU PREMIUM
BATH TOWELS
STORE LOCATION
Shop Online at
www.ramrajcotton.in
BAMBOO TOWELS
SIGNATURE TOWELS
TERRY TOWELS
STRIPED & CHECKERED TOWELS
SUPER SOFT & SUPER ABSORBENT
Available at Ramraj Showrooms and All Leading Textile Shops

RAMRAJ
കോട്ടൺ
ഇന്ത്യയുടെ സംസ്കാരം

സ്വാതന്ത്ര്യത്തിന്റെ യഥാർത്ഥ അർത്ഥം മനസ്സിലാക്കി
എല്ലാ പ്രശ്നങ്ങളിൽ നിന്നും മോചനം നേടി
സന്തോഷകരമായി ജീവിക്കാൻ സഹായിക്കുന്ന

# സ്വാതന്ത്ര്യം
## പ്രത്യേക പതിപ്പ്



എന്ന ഏറെ ഉപയോഗപ്രദമായ പുസ്തകം താങ്കൾക്ക്
നൽകുന്നതിൽ അഭിമാനമുണ്ട്

# സ്വാതന്ത്ര്യം തന്നെ അമൃതം

**പ്രിയരേ,**

ഒരു ചടങ്ങിൽ പങ്കെടുക്കാൻ ഞാൻ വൈകുന്നേരം യാത്ര ചെയ്തു കൊണ്ടിരിക്കുക യാണ്. എട്ടാം ക്ലാസ് വരെ പഠിപ്പിക്കുന്ന മിഡിൽ സ്കൂളിൽ അവസാന മണി മുഴങ്ങി. ഉടനെ, അതീവ സന്തോഷത്തോടെ വിദ്യാർത്ഥികൾ സ്കൂളിൽ നിന്ന് പുറത്തേക്ക് ഓടുന്നത് ഞാൻ കണ്ടു. കൂട്ടിൽ അടച്ചു വയ്ക്കപ്പെട്ട പക്ഷികൾ ആകാശത്തേക്ക് തുറന്നു വിടുമ്പോൾ അനുഭവിക്കുന്ന സന്തോഷം ആ കുട്ടികളുടെ മുഖത്ത് പ്രതിഫലിക്കുന്നുണ്ടായിരുന്നു. അത് ഞാൻ സ്കൂളിൽ പോയ കാലം ഓർമ്മിപ്പിച്ചു. മഴ പെയ്താൽ ഉടനെ സ്കൂളിന് അവധി കിട്ടുമോ എന്ന് കളക്ടറെ വിളിച്ചു ചോദിക്കുന്നത് ഇപ്പോൾ പതിവായിരിക്കുന്നു. സ്കൂളിൽ പോകാൻ എന്തു കൊണ്ട് കുട്ടികൾ മടിക്കുന്നു എന്നത് അന്വേഷിക്കേണ്ട ഒരു കാര്യമാണ്.

അമ്പതു വർഷങ്ങൾക്കു മുമ്പ് ഞാൻ പഠിച്ച കാലയളവിൽ നിന്ന് ഇതു വരെ ഈ സ്ഥിതിവിശേഷം മാറുന്നതേയില്ല. സ്കൂളിൽ പോകുന്നത് ജയിലിൽ പോകുന്നത് പോലെയും അവിടം വിട്ടുവരുന്നത് സ്വാതന്ത്ര്യം ലഭിച്ചത് പോലെയുമാണെന്ന് കുട്ടികൾ കരുതുന്നു. സ്കൂളിൽ പഠനത്തിൽ താൽപര്യം കുറഞ്ഞ് ചെറു പ്രായത്തിലേ വിദ്യാഭ്യാസം പൂർത്തിയാക്കാതെ സ്കൂൾ ഉപേക്ഷിച്ചത് ഓർത്ത് ഞാൻ വിഷമി ക്കാത്ത സന്ദർഭങ്ങളില്ല.സ്കൂളിലെ രീതി എനിക്ക് ചേർന്നതല്ലെന്ന് തെറ്റായി കരുതി എനിക്ക് പഠിക്കാൻ താൽപര്യമില്ലെന്ന് സ്വയം തീരുമാനിച്ചു. ഇന്നും വിദ്യാഭ്യാസ കാര്യങ്ങൾ എനിക്ക് വിശ്വാസം നൽകുന്നതിനേക്കാൾ ഭയമാണ് സമ്മാനിക്കുന്നത്.

ഒരർത്ഥത്തിൽ ഭയമാണ് യഥാർത്ഥ ജയിൽ. പുതിയ കാര്യങ്ങൾ ചെയ്യാൻ അനുവദി ക്കാതെ തടുക്കുന്നത് ഭയമാണെങ്കിൽ 'വരുന്നത് വരട്ടെ അപ്പോൾ നോക്കാം' എന്ന വിശ്വാസം തരുന്നതാണ് യഥാർത്ഥ സ്വാതന്ത്ര്യ ബോധം.

ഇന്ത്യയിൽ ഏവരുടെയും ആരാധനാപാത്രമായ നേതാവായി മഹാത്മാ ഗാന്ധിയെ കൊണ്ടാടുന്ന തിന് ഒരു മുഖ്യ കാരണമുണ്ട്. ഇന്ത്യക്കാർക്ക് സ്വാതന്ത്ര്യം സമ്പാദിക്കണം എന്ന ലക്ഷ്യ ത്തോടെ ദക്ഷിണാഫ്രിക്കയിലെ വിജയകരമായ അഭിഭാഷക പദവി ഉപേക്ഷിച്ച് മാതൃരാജ്യത്തേക്ക് തിരികെ വന്നയാളാണ് ഗാന്ധിജി. ബ്രിട്ടീഷുകാരെ എതിർത്ത് നിരവധി പോരാട്ടങ്ങൾ നടത്തി ജയിലിൽ പോയി ഗാന്ധിജി. ജാതി, മതം തുടങ്ങി പല തട്ടുകളായി കഴിഞ്ഞിരുന്ന വ്യക്തികളെ ഒരുമിപ്പിച്ച് എല്ലാവരിലും സ്വാതന്ത്ര്യ ബോധം ജ്വലിപ്പിക്കാൻ തന്റെ ജീവിതം മുഴുവൻ സമർപ്പിച്ച വ്യക്തിയായിരുന്നു അദ്ദേഹം. കച്ചവടത്തിന് വന്ന ബ്രിട്ടീഷുകാരുടെ അടിമയായി ഇത്ര കോടി ജനങ്ങൾ മാറിയതിനു പിന്നിൽ ഭയമായിരുന്നു.

വെടി വച്ചു കൊല്ലും, ജയിലിൽ അടയ്ക്കും തുടങ്ങിയ ഭയം മൂലം ജനങ്ങൾ ബ്രിട്ടീഷുകാരുടെ മുന്നിൽ പഞ്ചപുച്ഛമടക്കി നിന്നു. ജനങ്ങൾക്ക് ജയിലിൽ പോകാൻ വലിയ പേടിയാണ് എന്ന് ഗാന്ധിജി മനസ്സിലാക്കി. സർക്കാരിനെതിരെ പോരാടിയാൽ ജയിലിൽ അടയ്ക്കും എന്ന ഭീതി മൂലം ജനങ്ങൾ സംഘടിക്കാൻ തയാറായില്ല. നിങ്ങളുടെ തോക്കോ ഭയപ്പെടുത്തുന്ന ജയിലോ എന്നെ ഒന്നും ചെയ്യില്ല എന്ന ധൈര്യത്തോടെ പോരാടാൻ അദ്ദേഹം ജനങ്ങളെ പ്രേരിപ്പിച്ചു. അദ്ദേഹത്തെ പോലെ എത്രയോ നേതാക്കന്മാർ ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായി സ്വന്തം ജീവൻ ബലി കഴിച്ചു പോരാടി.

ഗാന്ധിജിയും മറ്റു നേതാക്കളും തമ്മിൽ ഒരു വലിയ വ്യത്യാസം ഉണ്ട്. നേതാക്കൾ ജയിലിൽ പോകുമെന്ന ഭീതിയില്ലാതെ പോരാടി. എന്നാൽ പൊതുജനം ഭയത്തിൽ ആഴ്ന്നിരുന്നു. ഗാന്ധിജി 'നമുക്ക് പോരാടി ജയിലിൽ പോകാം, അത് അന്തസ്സുള്ള കാര്യം' എന്ന് എല്ലാവരെയും ഉദ്ബോ ധിപ്പിച്ചു. ജനങ്ങളുടെ ഭീതി മാറിയതോടെ ഇന്ത്യ യിലെ ബ്രിട്ടീഷ് ജയിലുകൾ നിറഞ്ഞു. സ്വാതന്ത്ര്യ ത്തിനായുള്ള പോർവിളികൾ നാട് മുഴുവൻ പ്രതിധ്വനിച്ചു. ധീരമായ ഈ പോരാട്ടങ്ങളെ നേരിടാനാകാതെ സർക്കാർ കുഴപ്പത്തിലായി.


ജയിലിൽ പോകുക എന്ന ഭയം നമുക്ക് അടിമത്തം നൽകിയെങ്കിൽ ആ ഭയം നീങ്ങി



പോരാടിയതോടെ നമുക്ക് സ്വാതന്ത്ര്യം സമ്മാനമായി ലഭിച്ചു. നാടിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടി എന്നതിനേക്കാൾ ജനങ്ങളുടെ ജയിൽ ഭീതി അകറ്റി അവരെ പോരാടാൻ പ്രേരിപ്പിച്ചു എന്നതാണ് ഗാന്ധിജിയുടെ തനതു സംഭാവന.

സ്കൂളിൽ പോകുന്ന കുട്ടികളെ അവരുടെ ഇഷ്ടം അവഗണിച്ച് അടച്ചു വച്ചാലും ആ കുട്ടിയുടെ മനസ്സ് 'സ്കൂൾ അവധി' ആഘോഷമാക്കും. ഏതു ജീവിയും തന്റെ ജീവിതത്തിൽ സ്വാതന്ത്ര്യ ബോധത്തോടെ ഇരുന്നാൽ മാത്രമേ സന്തോഷത്തോടെ കഴിയാനാകൂ. ഭക്ഷണം പോലെ അവശ്യമായ കാര്യമാണ് സ്വാതന്ത്ര്യം.

സ്വാമി വിവേകാന്ദന്റെ ശിഷ്യ നിവേദിതയെ കാണാൻ സുബ്രമണ്യ ഭാരതി കൽക്കത്തയിൽ ചെന്നിരുന്നു. ഭാരതത്തിന്റെ വിമോചനത്തിനായി നിരവധി കവിതകൾ എഴുതിയിട്ടുള്ള ഭാരതിക്ക് അവരുടെ ചില ചോദ്യങ്ങളാണ് സ്വാതന്ത്ര്യത്തിന്റെ പ്രാധാന്യത്തെ കുറിച്ചും അത് നേടേണ്ടതിന്റെ ആവശ്യത്തെ പറ്റിയും പഠിപ്പിച്ചത്. തന്നെ കാണാൻ വന്ന ഭാരതിയോട് താങ്കളുടെ ഭാര്യയെ കൂടെ കൊണ്ടു വന്നില്ലേ എന്നാണ് നിവേദിത ചോദിച്ചത്. 'ഞങ്ങളുടെ സാമൂഹിക രീതിയനുസരിച്ച് സ്ത്രീകളെ പുറത്തു കൊണ്ടു വരാറില്ല' എന്ന് ഭാരതി മറുപടി നൽകി. 'നിങ്ങളുടെ ഭാര്യക്ക് സ്വാതന്ത്ര്യം കൊടുക്കാത്ത നിങ്ങൾ ഇന്ത്യക്ക് എങ്ങനെ സ്വാതന്ത്ര്യം വാങ്ങി നൽകും' എന്ന് നിവേദിത ചോദിച്ചു സ്ത്രീകളുടെ സ്വാതന്ത്ര്യം ഉറപ്പു വരുത്താതെ നാടിനു സ്വാതന്ത്ര്യം കിട്ടിയിട്ട് കാര്യമില്ലെന്ന് വ്യക്തമാക്കുകയായിരുന്നു അവർ. അത് വരെ നാടിന്റെ വിമോചനത്തിനു വേണ്ടി പാടിയിരുന്ന ഭാരതി പിന്നിടുള്ള കവിതകളിൽ സ്ത്രീ സ്വാതന്ത്ര്യത്തിനു വേണ്ടിയും എഴുതി.



The Culturepreneur

ഉച്ചനീചത്വങ്ങൾ ഇല്ലാത്ത സമൂഹത്തെ സൃഷ്ടിക്കുന്ന സാമൂഹിക വിമോചനത്തിന് നാം എല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തിക്കണം. എല്ലാവർക്കും സ്വാതന്ത്ര്യ ദിനാശംസകൾ.

**ഗുരുകൃപ,**
**സമസ്ത ഐശ്വര്യങ്ങളും ആശംസിച്ചു**
**കൊണ്ട്,**

**കെ ആർ നാഗരാജൻ**
**സ്ഥാപകൻ**
**രാംരാജ് കോട്ടൺ**

# ജീവിതത്തിൽ ഏതാണ് സ്വാതന്ത്ര്യം?



ഒരു കുളത്തിൽ നല്ല അഴകുള്ള ഒരു മത്സ്യം നീന്തിത്തുടിച്ചു. മഴവില്ലിന്റെ എല്ലാ നിറങ്ങളും ചേർന്നപോലെയായിരുന്നു അത്.മറ്റു മത്സ്യങ്ങൾ അതിന്റെ അഴക് കണ്ട് അസൂയപ്പെടും. 'നിന്നെപ്പോലെ അഴകുള്ള മത്സ്യം ഈ കുളത്തിൽ ഇല്ല' എന്നവർ പറയും.

ആ മത്സ്യത്തിന് ഈ പുകഴ്ത്തൽ കേട്ട് അഹങ്കാരമായി. 'എന്റെ സൗന്ദര്യം വച്ചു ഞാൻ ഇവിടെ ഇരിക്കേണ്ട ആളല്ല' എന്ന് ആ മത്സ്യത്തിനു തോന്നലുണ്ടായി. 'എന്റെ അഴക് മനുഷ്യർ കണ്ടു ആസ്വദിക്കണം. ഞാൻ ഈ അഴുക്കു പിടിച്ച കുളത്തിൽ ജീവിതം പാഴാക്കുകയാണ്. ഇതിനുള്ളിൽ ചുറ്റി ചുറ്റി , കിട്ടുന്ന ഇര കഴിച്ചു കഴിയുന്നത് ഒരു ജീവിതമാണോ,' അതിനു സന്ദേഹമായി.

ഒരു ദിവസം ആ കുളത്തിൽ മീൻ പിടിക്കാൻ ചിലർ വന്നു. എല്ലാ മത്സ്യങ്ങളും പേടിച്ചരണ്ട് ഒളിച്ചു.വലയിൽ പെട്ടാൽ ആപത്താണെന്ന് അവർ മുന്നറിയിപ്പ് നൽകി. 'എന്നാൽ വലയിൽ പെട്ടാൽ തനിക്കു സ്വാതന്ത്ര്യം കിട്ടുമെന്ന് വർണ മത്സ്യം കരുതി. അങ്ങനെ സ്വയം അത് വലയിൽ വീണു. മീൻപിടുത്തക്കാർ അതിന്റെ അഴക് കണ്ടു രസിച്ചു. അപ്പോൾ അവിടെ വന്ന ഒരാൾ വലിയ വില കൊടുത്ത് അതിനെ വാങ്ങിക്കൊണ്ടു പോയി.

ആ കുളക്കരയിലായിരുന്നു അയാളുടെ വീട്. ഒരു നല്ല ചില്ലുകൂട്ടിൽ അതിനെ ഇട്ട് അയാൾ വളർത്തി. നല്ല അക്വേറിയം, വ്യത്യസ്തമായ ഭക്ഷണം, നല്ല അന്തരീക്ഷം, വീട്ടിൽ വരുന്നവർ അതിനെ കാണാതെ പോകില്ല. അങ്ങനെ ആദ്യമൊക്കെ എല്ലാം സുഖകരമായിരുന്നു. അതിനു ശേഷം ആരും അതിനെ ഗൗനിക്കാതെയായി. ചെറിയ ചില്ലു കൂട്ടിലെ ഏകാന്തത അതിനു വിരസമായി തോന്നി. ഇപ്പോൾ വേണ്ടത്ര ഭക്ഷണമില്ല. ജലം അശ്രദ്ധമായി മാറ്റുമ്പോൾ ശ്വാസം മുട്ടുന്നത് പോലെ തോന്നും.

കുളത്തിൽ നിന്ന് സ്വാതന്ത്ര്യം തേടിയ താൻ ഈ ചില്ലു കൂട്ടിലാണല്ലോ വന്നു പെട്ടത് എന്നോർത്ത് അതിന് വലിയ നിരാശയായി. ഒരു ദിവസം അശുദ്ധ ജലത്തിൽ കിടന്നത് മൂലം അത് ശ്വാസം കിട്ടാതെ മയങ്ങിപ്പോയി.



മത്സ്യം ചത്ത് പോയി എന്ന് കരുതി അതിനെ അവർ എടുത്തു കുളത്തിലേക്ക് എറിഞ്ഞു. തന്റെ ഇടത്തിൽ വന്നതും അതിനുജീവൻവച്ചു.മറ്റുമത്സ്യങ്ങൾചുറ്റും കൂടി വിശേഷങ്ങൾ അന്വേഷിച്ചപ്പോൾ താൻ സ്വാതന്ത്ര്യമടഞ്ഞതോർത്ത് അത് ആനന്ദ കണ്ണീർ ചൊരിഞ്ഞു.

ഒട്ടേറെപ്പേർ ഇങ്ങനെയാണ്. ഏതാണ് ജയിൽ, ഏതാണ് സ്വതന്ത്രമായ ഇടം എന്ന് പലർക്കും അറിയില്ല. ഒരു കുഞ്ഞ് പ്രസവത്തിൽ ഗർഭത്തിൽ നിന്ന് പുറത്തു വരുന്നത് മോചനമായി കണക്കാക്കപ്പെടുന്നു. കുഞ്ഞിന് ആരുടെയും സഹായമില്ലാതെ നടക്കാൻ കഴിയുമ്പോൾ അത് സ്വാതന്ത്ര്യമായി തോന്നും. നടക്കാൻ തുടങ്ങിയ കുട്ടിക്ക് വീട് വിട്ടു പോകുന്നതാണ് സ്വാതന്ത്ര്യ മായി തോന്നുന്നത്. അതിനായി ആ കുഞ്ഞ് സ്കൂളിൽ പോകാൻ താൽപര്യപ്പെടും. എന്നാൽ അവിടെ ക്ലാസിൽ നിർബന്ധമായി അടച്ചു മൂടി കഴിയേണ്ടി വരുമ്പോൾ അത് ജയിൽ പോലെ തോന്നും. വിദ്യാർത്ഥിയായിരിക്കുമ്പോൾ പഠനം കഴിഞ്ഞ് ജോലിക്ക് പോകുന്നതാണ് സ്വാതന്ത്ര്യം എന്ന് തോന്നും. ജോലിക്ക് പോകുമ്പോൾ ആ ജീവിതത്തിൽ നിന്ന് പോകുന്നതാകും സ്വാതന്ത്ര്യം എന്നവർക്ക് തോന്നും. അവധിയെടുക്കുന്നത് സ്വാതന്ത്ര്യമാണെന്ന തോന്നലും അധിക നാൾ നിൽക്കില്ല.



സ്വതന്ത്രമായ ജീവിതം എന്നാൽ യാതൊരു നിബന്ധനയും ഇല്ലാതെ നാം ആഗ്രഹിക്കുന്നത് ചെയ്യുന്നതാണ് എന്ന് പലരും ധരിച്ചു വച്ചിരിക്കുന്നു. നിബന്ധനകളും നിയന്ത്രണങ്ങളും മറ്റു നിയമങ്ങളും തങ്ങളുടെ സ്വാതന്ത്ര്യം തകർക്കുന്ന ജയിൽ ആയി അവർ കണക്കാക്കുന്നു. യാതൊരു നിയന്ത്രണവുമില്ലാതെ ഓരോ കാര്യവും ചെയ്യാൻ ശ്രമിച്ചാൽ അത് അപകടത്തിൽ കലാശിക്കും.

സ്വാതന്ത്ര്യത്തെ ഇങ്ങനെ നിർവചിക്കാം: 'ഞാൻ ആഗ്രഹിക്കുന്ന പ്രവൃത്തി മറ്റുള്ളവർക്ക് ബുദ്ധിമുട്ട് ഉണ്ടാകാതെ ചെയ്തു പൂർത്തീകരിക്കുന്നതാണ് യഥാർത്ഥ സ്വതന്ത്ര ജിവിതം. അതിനാലാണ് നിന്റെ സ്വാതന്ത്ര്യം അയൽക്കാരന്റെ മൂക്ക് തൊടുന്നത് വരെ' എന്ന് പഴമക്കാർ പറയുന്നത്. ആ മൂക്കിൽ നാം തൊട്ടാൽ അയാളുടെ സ്വാതന്ത്ര്യത്തിൽ നാം കൈ വയ്ക്കുകയാണ്.

അതുപോലെ നാമും ആർക്കും മാനസികമായോ ശാരീരികമായോ ഒരു മുറിവും ഏർപ്പെടുത്താതെ ജീവിക്കുന്നതാണ് യഥാർത്ഥ സ്വതന്ത്ര ജീവിതം. മനുഷ്യർ ഓരോരുത്തരും തങ്ങൾ ചെയ്യുന്ന പ്രവർത്തിക്ക് ഉത്തരവാദിയാണ്. സമൂഹവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുമ്പോൾ ചില വിട്ടുവീഴ്ചകളും കീഴടങ്ങലും വേണ്ടി വരും. 'എനിക്ക് ആരെപ്പറ്റിയും ഒരു ശ്രദ്ധയും ഇല്ല. എനിക്ക്ഇഷ്ടമുള്ളപോലെഞാൻഓരോന്നുചെയ്യും.എന്റെ പ്രവൃത്തി കൊണ്ട് ആരുടെ മനസ്സു നൊന്താലും എനിക്ക് വിഷമമില്ല. എനിക്ക് തോന്നിയ പടി ഞാൻ ജീവിക്കും.' എന്ന് പറയുന്നവർക്ക് അടുത്ത സുഹൃത്തുക്കൾ ആരും ഉണ്ടാകില്ല. സ്നേഹം കാണിക്കുന്ന ബന്ധുക്കളും കൂടെയുള്ളവരും ഒപ്പം നിൽക്കില്ല.

അധികാരമോ സൗകര്യമോ ഉണ്ട് എന്ന് കരുതി മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെ ബാധിക്കുന്ന വിധത്തിൽ പെരുമാറരുത്. കടും നടപടികൾ വഴി സ്നേഹവും ബഹുമാനവും സമ്പാദിക്കാം. എന്നാൽ അത് കടലാസ്സു പൂക്കൾ പോലെ വിളറിപ്പോകും.ആരുടെ മേലും സമർദ്ദം ചെലുത്താതെ, നിർബന്ധപൂർവം ഒന്നും ചെയ്യാതെ ജീവിക്കാൻ കഴിഞ്ഞാൽ അതാണ് സ്വതന്ത്രമായ നല്ല ജീവിതം. ●

# ഇതാണ് സ്വാതന്ത്ര്യ ബോധം

- സ്വാതന്ത്ര്യം ഒരു തെരഞ്ഞെടുപ്പാണ്. നാം ശരി എന്ന് കരുതുന്ന ഒരു കാര്യം ചെയ്യാനുള്ള തെരഞ്ഞെടുപ്പ്.
- സ്വാതന്ത്ര്യം ഒരു വിശ്വാസമാണ്. നമ്മുടെ അറിവും ചിന്തയും ശരിയാണെന്ന് പറയുന്ന ഒന്നാണ് നാം തെരഞ്ഞെടുത്തിരിക്കുന്നതെന്ന വിശ്വാസം.
- സ്വാതന്ത്ര്യം ഒരു ശക്തിയാണ്...നമ്മുടെ തെരഞ്ഞെടുപ്പ് മൂലം നമ്മുടെ ഭാവിയെ ശബളാഭമാക്കാൻ ഉതകുന്ന ശക്തി.
- സ്വാതന്ത്ര്യം ഉത്തരവാദിത്ത ബോധമാണ്. നമ്മൾ ചെയ്തതും ചെയ്യാതെ ബുദ്ധിമുട്ടുന്നതും ആയ എല്ലാ പ്രവർത്തനങ്ങൾക്കും നാം ഉത്തരവാദിത്തം ഏറ്റെടുക്കുന്നത്. ആരെയും കുറ്റപ്പെടുത്താതെ അതിന്റെ അനന്തരഫലങ്ങൾ അനുഭവിക്കുന്നത്.
- സ്വാതന്ത്ര്യം ഒരു ആശ്വാസമാണ്. നാം വിശ്വസിക്കുന്ന ഒരു കാര്യം ചെയ്തു പൂർത്തിയാക്കാനുള്ള ശക്തിയും ബുദ്ധിയുംനമുക്കുണ്ട്എന്നറിയുമ്പോൾ ഉണ്ടാകുന്ന ആശ്വാസം.
- സ്വാതന്ത്ര്യം ഒരു തരം ഭയമാണ്. നാം കൈക്കൊള്ളുന്ന തീരുമാനങ്ങൾ പലരുടെ ജീവിതത്തെ ബാധിക്കും എന്ന അറിവിന്റെ ഭയം. അങ്ങനെ നാം നല്ല തീരുമാനങ്ങൾ എടുക്കും.
- സ്വാതന്ത്ര്യം വലിയ സമർദ്ദം ചെലുത്തുന്ന ഒന്നാണ്. നമ്മുടെ മേൽ എത്രയോ ഭാരിച്ച ഉത്തരവാദിത്തം ആണ് ചുമത്തിയിരിക്കുന്നന്നത് എന്നറിയുമ്പോൾഉണ്ടാകുന്നസമ്മർദ്ദം. നമ്മുടെ ഭാവിയെ നിർണയിക്കുന്ന ശക്തിനമ്മുടെകൈയിലാണെന്ന അറിവിൽ ഉണ്ടാകുന്ന സമ്മർദ്ദം.

# അറിവിൻ സ്വാതന്ത്ര്യം

നമുക്ക് ചെയ്യാൻ കഴിയാത്ത കാര്യങ്ങൾ ആർക്കും ചെയ്യാൻ കഴിയില്ല എന്ന് കരുതുമ്പോൾ നാം ജ്ഞാനത്തിനു വിലങ്ങിടുകയാണ്.

300 വർഷങ്ങൾക്കു മുമ്പ് ജീവിച്ചിരുന്ന വരോട് റേഡിയോയെ പറ്റി പറഞ്ഞാൽ, 200 വർഷം മുമ്പ് ജീവിച്ചിരുന്നവരോട് വിമാനത്തെ പറ്റി പറഞ്ഞാൽ, 100 വർഷങ്ങൾക്കു മുമ്പ്

# സ്വാതന്ത്ര്യവും നിയന്ത്രണവും

തന്നെ കെട്ടിയിരിക്കുന്ന കയറ് അഴിച്ചു വിട്ടാൽ ഒരു കന്നുകുട്ടി തന്റെ അമ്മയെ തേടി ഓടും. അങ്ങനെയുള്ള നിയന്ത്രണങ്ങൾ അഴിച്ചു വിടുന്നതാണ് സ്വാതന്ത്ര്യം എന്ന് ചിലർ കരുതുന്നു. യഥാർത്ഥത്തിൽ ചില നിയന്ത്രണങ്ങളും ബന്ധങ്ങളും ഉള്ളതാണ് യഥാർത്ഥ സ്വാതന്ത്ര്യം.

നമ്മുടെശ്വാസംനാംനിയന്ത്രിക്കുന്നത് കൊണ്ടാണ് നമുക്ക് ആരോഗ്യ ത്തോടെ ജീവിക്കാൻ കഴിയുന്നത്. നമ്മുടെ ചെലവുകൾ നാം നിയന്ത്രിക്കുന്നത് കൊണ്ടാണ് സാമ്പത്തിക ബിദ്ധിമുട്ടില്ലാതെ കഴിയാനാകുന്നത്. നമ്മുടെ ചിന്തകൾ നിയന്ത്രിക്കാൻ കഴിഞ്ഞാൽ മനസ്സമാധാനത്തോടെ കഴിയാം. ആശകളെ നിയന്ത്രിക്കാൻ കഴിഞ്ഞാൽ സന്തോഷത്തോടെ കഴിയാനാകും.

ജീവിച്ചിരുന്നവരോടു സെൽഫോണിനെ പറ്റി പറഞ്ഞാൽ ചിരിക്കുമായിരുന്നു. ഇന്ന് നമുക്ക് സാധകമായിരിക്കുന്ന പല കണ്ടുപിടുത്തങ്ങളും മുമ്പുള്ളവരുടെ ചിന്തയിൽ കൂടി കടന്നു വരാത്ത കാര്യങ്ങളാണ്. ഇപ്പോൾ നാം ചിന്തിക്കാത്ത എത്രയോ കണ്ടു പിടുത്തങ്ങൾ ഭാവിയിൽ ഉണ്ടാകാൻ പോകുന്നു.

നമുക്ക് കഴിയില്ല എന്ന് കരുതുന്നതും അത് മറ്റാർക്കുംകഴിയില്ലഎന്ന്വിചാരിക്കുന്നതും നമ്മുടെ അറിവിന്റെ പരിമിതിയാണ്.

## സ്വാതന്ത്ര്യമാണ് സ്വർഗം

സ്വാതന്ത്ര്യം എന്ന വാക്കാണ് നമ്മുടെ ജീവശ്വാസം. വായു സഞ്ചാരമില്ലാത്ത മുറിയിൽ കുറെ നേരം തങ്ങി തിരികെ വെളിയിൽ വരുമ്പോൾ ആശ്വാസത്തോടെ നാം ശ്വാസോച്ഛ്വാസം നടത്തും. ആ നേരത്തിൽ സ്വാതന്ത്ര്യം എന്ന വാക്കിന്റെ അർത്ഥം നമുക്ക് മനസ്സിലാകും. 'ജീവൻ പണയം വച്ചായാലും സ്വതന്ത്രമായി കഴിയണം' എന്ന് നാം കരുതുന്നതിനു കാരണം ഉണ്ട്. സ്വർഗത്തിൽ അടിമയായി കഴിയുന്നത് അബദ്ധമാണ്. പക്ഷികൾ പറക്കണം. സ്വർണം കൊണ്ടു നിർമ്മിച്ച കൂടായാലും പക്ഷിക്ക് അത് ജയിൽ തന്നെ. അടിമയായിരിക്കുന്ന ഇടം സ്വർഗമല്ല. സ്വതന്ത്രമായി എവിടെ കഴിയുന്നുവോ അതാണ് സ്വർഗം.

## സ്നേഹം ജീവൻ നൽകുന്ന സ്വാതന്ത്ര്യം

സ്വാതന്ത്ര്യം ഒരു വ്യക്തി തീരുമാനിക്കുന്നതല്ല. അത്ഒരുസമൂഹപ്രാർത്ഥനയാണ്.എല്ലാവരുംഒന്നിച്ചു പ്രവർത്തിക്കണം. സ്വാതന്ത്ര്യം എന്നത് വാങ്ങിയും നൽകിയും പെരുകുന്ന ഒരു നദി പോലെയാണ്. ഇരുളിനെ നീക്കി സന്തോഷകിരണങ്ങൾ പരത്തുന്ന പ്രകാശ ഗോപുരമാണ് സ്വാതന്ത്ര്യം. അതിനാലാണ് സ്വാതന്ത്ര്യം എന്നത് ഓരോരുത്തർക്കും ജീവശ്വാസമാകുന്നത്.വീടായാലും നാടായാലും അധികാരം മൂലമല്ല,സ്നേഹം മൂലമാണ് സ്വാതന്ത്ര്യം ജീവശ്വാസമായി മാറുന്നത് എന്ന് മറക്കരുത്.

## സ്വാതന്ത്ര്യത്തിന് അതിരുകൾ

എല്ലാ കാര്യങ്ങൾക്കു ഒരു അതിര് ഉള്ളത് പോലെ സ്വാതന്ത്ര്യത്തിനും അതിര് ഉണ്ട്. നിയന്ത്രണമില്ലാത്ത സ്വാതന്ത്ര്യം എന്ന് ഒന്നില്ല. ഈശ്വരനു പോലും അങ്ങനെ ഒരു വരം കിട്ടിയിട്ടില്ല. അത് ആപത്തു വരുത്തും. പ്രളയത്തിൽ കുതിക്കുന്ന കാട്ടാറ് നമ്മെ ഭയപ്പെടുത്തും.അതിന്റെ വേഗം അപായത്തിൽ കലാശിക്കും. നിയന്ത്രണമില്ലാത്ത സ്വാതന്ത്ര്യവും ഇങ്ങനെയാണ്.

സുഗമമായി പായുന്ന നദി എല്ലാവർക്കും നന്മ നൽകും ഭൂമി വളക്കൂറുള്ളതാക്കും. രണ്ടു കരകൾ ക്കിടയിൽ ഒതുങ്ങി പായുന്ന നദി പോലെയാണ് നിയന്ത്രണമുള്ള സ്വാതന്ത്ര്യം. നാം പിന്തുടരുന്ന നിയമങ്ങളും ചട്ടങ്ങളും കീഴ്വഴക്കങ്ങളും സമൂഹ നന്മയെ ലക്ഷ്യമാക്കി മനുഷ്യർ തയാറാക്കിയതാണ്. എല്ലാവരും അത് പിന്തുടർന്നാൽ മാത്രമേ സമൂഹം സമാധാനത്തോടെ കഴിയൂ. കുറ്റകൃത്യങ്ങൾ ഇല്ലാതാകും. എല്ലാവർക്കും നീതി ലഭിക്കും.



# ജീവിത പങ്കാളിക്ക് വേണം സ്വാതന്ത്ര്യം

വിവാഹം കഴിയുന്നതു വരെ ഒരു പുരുഷൻ സർവതന്ത്ര സ്വതന്ത്രനായിരുന്നിരിക്കും. ഒരു സ്ത്രീയും അങ്ങനെ തന്നെ എന്ന് കരുതുക. ഇരുവരും വിവാഹിതരാകുന്നു. ഇവിടെ ഒരാൾ മറ്റൊരാളുടെ സ്വാതന്ത്ര്യത്തിനു വിലങ്ങുതടിയായി മാറുന്നത് പ്രധാന സംഭവമായി മാറുന്നു.

ശ്രദ്ധിക്കുക! ആദ്യമായി സ്വാതന്ത്ര്യത്തിനു വിലങ്ങു തടിയാകുന്ന സംഭവം വളരെ പ്രധാന പ്പെട്ടതാണ്. നിശ്ചയമായും ഓരോരുത്തരും അന്യോന്യം വിലങ്ങുതടിയാകും. ദമ്പതി കൾക്കിടയിൽ പ്രശ്നങ്ങൾ ഉണ്ടാകുന്നതിന് ഇതാണ് കാരണം. എന്നാൽ ആദ്യ സംഭവ വേളയിൽ തന്നെ അധികം പ്രശ്നങ്ങൾ ഉണ്ടാകാതെ സൂക്ഷിക്കേണ്ടത് ഇരുവരുടെയും ഉത്തരവാദിത്തമാണ്.

ഉദാഹരണമായിഭർത്താവ്ഒരുഎഴുത്തുകാരനാണെങ്കിൽ അയാൾക്ക് ഇഷ്ടമുള്ള പുസ്തകങ്ങൾ വാങ്ങും. ആഗ്രഹിക്കുമ്പോൾ സിനിമയ്ക്കു പോകും. അതിന് ഭാര്യ എതിരു നിന്നാൽ അയാൾ ദേഷ്യം കൊണ്ടു കത്തിജ്ജ്വലിക്കും. ഇങ്ങനെ അയാൾ ഇഷ്ടപ്പെടുന്ന കാര്യങ്ങളിൽ ഭാര്യ തലയിട്ടാൽ അയാളുടെ മുഖം കടന്നൽ കുത്തിയത് പോലെയാകും.

മറ്റൊരു നവദമ്പതികളുടെ കാര്യം എടുക്കുക. അവരുടെ കല്യാണം കഴിഞ്ഞ് രണ്ടു മാസം തികഞ്ഞിട്ടില്ല. അപ്പോൾ ഭാര്യയുടെ സഹോദരന്റെ മകന് പിറന്നാൾ വരുന്നു. 'നാലായിരം രൂപയുടെ സമ്മാനംകൊടുക്കണം' എന്നായിഭാര്യ. അയാൾക്ക് മാസം ഒരു ലക്ഷം ശമ്പളം ഉണ്ട്. എങ്കിലും ഒരു കുട്ടിയുടെ പിറന്നാളിന് ഇത്ര വിലപിടിച്ച സമ്മാനം കൊടുക്കണോ എന്ന സംശയം അയാൾക്ക് തോന്നി 'അത്ര വലിയ തുകയുടെ സമ്മാനം വേണോ. ഒരു പിറന്നാളിന്? കുട്ടിക്ക് ഇത്ര തുകയുടെ സമ്മാനം കൊടുക്കണോ?' എന്ന് അയാൾ ചോദിക്കുന്നു. ഭാര്യക്ക് വലിയ വിഷമമായി.

വിവാഹത്തിന് ശേഷം പങ്കാളിയുടെ നടപടികൾ തന്റെ സ്വാതന്ത്ര്യത്തിലുള്ള വലിയ കൈകടത്തലായി ആർക്കും തോന്നും. അതിനാൽ നല്ല മറുപടി കൊടുക്കാനും തോന്നും.

കല്യാണം കഴിഞ്ഞ ഉടനെ ചെലവു നിയന്ത്രിക്കണം എന്ന് എല്ലാവരും തെറ്റായി ഉപദേശിക്കും. എന്നാൽ അങ്ങനെ ചെയ്താൽ

പ്രശ്നങ്ങൾ പിന്നാലെ വരും. പല പുരുഷന്മാർക്കും സ്ത്രീകളെ അങ്ങനെ നിയന്ത്രിക്കണമെന്ന് തോന്നും. എന്നാൽ അതോടെ സ്നേഹം ഉടഞ്ഞു പോകും.


മറ്റൊരു ഉദാഹരണം നോക്കുക. ഒരു സ്ത്രീയുടെ വിവാഹാലോചന നടക്കുകയാണ്. അവർക്ക് ഇനിയും പഠിക്കണം. അപ്പോൾ വരനും കുടുംബവും നീ ഇനിയും പഠിക്കൂ എന്ന് പറഞ്ഞു സമ്മതിക്കുന്നു. അതോടെ വിവാഹം നടക്കുന്നു.

അഡ്മിഷൻ സമയത്തിൽ ആ പെൺകുട്ടി കോളേജിൽ പോയി അപേക്ഷ വാങ്ങി വരുന്നു. വീട്ടിൽ വരുമ്പോഴേ അമ്മായി അമ്മയും നാത്തുനും അവളെ ശാസിക്കുന്നു. 'വിവാഹിതയായ ഒരു സ്ത്രീയുടെ ഏക കടമ ഒരു നല്ല കുഞ്ഞിനെ പ്രസവിക്കുകയാണെന്ന്' അവർ കട്ടായം പറയുന്നു. ഭർത്താവും വായ തുറക്കുന്നില്ല.

അതിനു ശേഷം അവർ നല്ല കുടുംബ സ്ത്രീ ആയി മാറുന്നു. അവരുടെ മുഖത്തു മറ്റൊന്നുമില്ല, ചിരിമാത്രം. പക്ഷേ സ്നേഹം ഇല്ലാതായിരിക്കുന്നു.

ദമ്പതികൾക്കിടയിൽ സ്നേഹം ഇല്ലാതാകുന്നത് ആപൽക്കരമാണ്. അവർ ഒരു കൂട്ടിൽ ചുരുണ്ടു കൂടും. 'മനസ്സ് എരിഞ്ഞു കൊണ്ടിരിക്കുകയാണെന്ന്' അവർ ഉള്ളിൽ പറയും. അത് ഒരു നെഗറ്റീവ് വികാരമായി മാറും. കുടുംബ ജീവിതത്തിൽ ഇത് വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കും.

ഇങ്ങനെ ദമ്പതിമാർക്കിടയിൽ സ്വാതന്ത്ര്യത്തിന് തടയിടുന്നത് ആപൽക്കരമാണെന്ന തിരിച്ചറിവ് ഉണ്ടാകണം. ചില സമയങ്ങളിൽ സാഹചര്യം തന്നെ പ്രതികൂലമാകും. അവിടെയും ദമ്പതികൾ ശ്രദ്ധ പാലിക്കണം. ഉദാഹരണത്തിന് ഭാര്യക്കും അമ്മയ്ക്കും ഇടയിൽ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ പുരുഷന്മാർ വളരെ തന്ത്രപരമായി പ്രശ്നത്തിൽ ഇടപെടണം. മകൻ തന്നെ പുറത്താക്കുമോ എന്ന ഭീതി അമ്മയ്ക്ക് വരരുത്. അതേ പോലെ ഈ വീട്ടിൽ അമ്മയും മകനും ഒന്ന് ചേർന്ന് എന്നെ ഒഴിവാക്കുന്നു എന്ന തോന്നൽ ഭാര്യക്കും ഉണ്ടാകരുത്. രണ്ടു പേരെയും വാക്കുകളിൽ ക്രൂരമായി അറുത്തു മുറിക്കാനോ അവർക്കിടയിൽ ന്യായം പറയാനോ പോകരുത്.



പുരുഷന്മാർ വീട്ടു ജോലികളിൽ സഹകരിക്കുന്നത് ഈ തലമുറയിൽ അവശ്യമായ കാര്യമാണ്. താൻ ചെയ്യേണ്ട ജോലികൾ ഭാര്യക്ക് കൊടുത്ത് അധികാരം കാട്ടരുത് എന്നതാണ് പ്രധാന കാര്യം.

കുഞ്ഞു പിറക്കാൻ പോകുകയാണ്. അത് ഒരു സ്ത്രീയുടെ സ്വാതന്ത്ര്യത്തെ ഏറെ ബാധിക്കുന്ന കാര്യമാണ്. കുട്ടിയുടെ പരിപാലനത്തിൽ പുരുഷൻ പരമാവധി ശ്രദ്ധ ചെലുത്തണം. 'നിന്റെ സ്വാതന്ത്ര്യത്തെ മതിക്കുന്നു. അതിനാണ് ഈ സഹായം' എന്ന് ഇരുവരും അറിയുന്ന വിധത്തിൽ പെരുമാറണം.

വിവാഹം കഴിഞ്ഞ് ഒരവസരത്തിൽ ജീവിത പങ്കാളിയുടെ ജീവിതത്തെ ബാധിക്കുന്ന ഒരു പ്രശ്നം വരുമ്പോൾ അല്ലെങ്കിൽ സ്വാതന്ത്ര്യത്തിൽ കുടുംബത്തിലെ സാഹചര്യം തടയിടുമ്പോൾ ആരെയും മുറിവേൽപിക്കാത്ത വിധം പെരുമാറണം. അങ്ങനെ നടക്കുമ്പോൾ കുടുംബത്തിൽ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാകുന്നത് നമുക്ക് തടുക്കാൻ കഴിയും.

പരസ്പരം അറിയുന്നതും ഒരാളുടെ വികാരങ്ങൾ അറിഞ്ഞു പെരുമാറുന്നതും ജീവിതത്തിന്റെ അടിസ്ഥാന ഘടകങ്ങൾ. സ്നേഹം പകർന്നു ജീവിക്കുന്ന ജീവിത പങ്കാളിയെ കിട്ടുന്നതിലും വലിയ ഭാഗ്യം നമുക്ക് ജീവിതത്തിൽ ഉണ്ടാകാനില്ല എന്ന് കരുതി ജീവിക്കണം.

സ്വാതന്ത്ര്യം എന്നത് സ്നേഹത്തിലും മേലെയല്ല എന്ന അറിവ് കുടുംബ ജീവിതത്തെ മധുരതരമാക്കും.

## ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രം

യു എസ് സ്വാതന്ത്ര്യം പ്രാപിച്ച് 150 വർഷങ്ങൾക്കു ശേഷമാണ് എല്ലാവർക്കും വോട്ടവകാശം നൽകിയത്. സ്വതന്ത്ര ഇന്ത്യയിൽ നടന്ന ആദ്യത്തെ പൊതു തെരഞ്ഞെടുപ്പിൽ തന്നെ എല്ലാവർക്കും വോട്ടവകാശം നൽകപ്പെട്ടു. പാകിസ്ഥാനിൽ പല വട്ടം സൈനിക ഭരണം ഉണ്ടായി. ചൈന ഏക കക്ഷി ഭരണത്തിലാണ്. ഇന്ത്യ ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രമായി നിലകൊള്ളുന്നു.



## സ്വതന്ത്ര ഇന്ത്യ കൈവരിച്ച നേട്ടങ്ങൾ

1974-ൽ അണുബോംബ് പരീക്ഷണം നടത്തി ഇന്ത്യ ലോകത്തിലെ അഞ്ച് ആണവശക്തികളിൽ ഒന്നായി മാറി. അണുശക്തി കൊണ്ട് പ്രവർത്തിക്കുന്ന യുദ്ധക്കപ്പലുകൾ നിർമ്മിക്കുന്ന രാജ്യവുമായി ഇന്ത്യ. യു എസ്, റഷ്യ, ചൈന, ഫ്രാൻസ്, ബ്രിട്ടൻ എന്നീ രാഷ്ട്രങ്ങൾക്കൊപ്പം വിമാന വാഹിനി കപ്പലുകൾ നിർമ്മിക്കുന്ന രാജ്യവുമായി ഇന്ത്യ. മിസൈൽ നിർമ്മാണത്തിലും നാം വൻശക്തികൾക്കൊപ്പം തന്നെ. ഇന്ത്യയുടെ ബ്രഹ്മോസ് മിസൈൽ മണിക്കൂറിൽ 3675 കി.മി ദൂരം ചെല്ലും. ബഹിരാകാശത്ത് ചാരപ്പണി നടത്തുന്ന ഉപഗ്രഹങ്ങളെ റോക്കറ്റുകളാൽ നശിപ്പിക്കാനുള്ള കരുത്തും ഇന്ത്യ നേടിയിരിക്കുന്നു.

## സാമ്പത്തിക രംഗത്തും മികവ്

1991-ൽ ഇന്ത്യ ഉദാരവൽക്കരണം നടത്തി. അതിനു ശേഷം ഇന്ത്യയുടെ വളർച്ച അമ്പരപ്പിക്കുന്ന വേഗത്തിലായിരുന്നു. ഇപ്പോൾ ലോകത്തിലെ അഞ്ചാമത്തെ മികച്ച സാമ്പത്തിക ശക്തിയാണ് ഇന്ത്യ. ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന ഓഹരി വിപണി മുംബൈ ഓഹരി വിപണിയാണ്. ചൈന, ജപ്പാൻ, റഷ്യ, സ്വിറ്റ്സർലൻഡ് എന്നിവ കഴിഞ്ഞാൽ യു എസ് ഡോളർ കൈവശമുള്ള രാജ്യം ഇന്ത്യയാണ്. അടുത്തയിടെ അന്തർദേശീയ

## ബഹിരാകാശത്ത് ഇന്ത്യയുടെ ആധിപത്യം

ഇന്ത്യയുടെ ആദ്യത്തെ റോക്കറ്റ് ഒരു പഴയ സൈക്കിളിൽ കൊണ്ടുപോയാണ് വിക്ഷേപിച്ചത്. തുടക്കത്തിൽ നമ്മുടെ ബഹിരാകാശ ഗവേഷണത്തിന് മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടായിരുന്നില്ല. ഇന്ന് ബഹിരാകാശ രംഗത്തെ അഞ്ച് പ്രമുഖ ശക്തികളിൽ ഒന്നാണ് ഇന്ത്യ.

2008-ൽ ഇന്ത്യയുടെ ചന്ദ്രയാൻ-1 ചന്ദ്രനിൽ വിജയകരമായി ഇറങ്ങി. ചന്ദ്രനിൽ ജലം ഉണ്ടെന്ന് ആദ്യമായി കണ്ടെത്തിയത് ഈ പര്യവേക്ഷണമാണ്. ചൊവ്വയിലേക്ക് 2013-ൽ ഇന്ത്യ മംഗൾയാൻ ദൗത്യം അയച്ചു. യു എസ്, റഷ്യ, യൂറോപ്പ് എന്നിവയ്ക്കു ശേഷം ചൊവ്വയിലേക്ക് ദൗത്യം അയച്ച രാജ്യം ഇന്ത്യയാണ്. ഇതിൽ ആദ്യ ദൗത്യത്തിൽ വിജയം വരിച്ചത് ഇന്ത്യയാണ്.



ഒരു റോക്കറ്റിൽ 104 ഉപഗ്രഹങ്ങൾ ബഹിരാകാശത്ത് എത്തിച്ച റെക്കോർഡും ഇന്ത്യ നേടി. ഇപ്പോൾ ചന്ദ്രന്റെ ദക്ഷിണ ധ്രുവത്തിലേക്ക് ആദ്യമായി പോകുന്ന ചന്ദ്രയാൻ-3 ദൗത്യത്തിലാണ് ഇന്ത്യ.

## നിർമ്മിതികളുടെ നേട്ടങ്ങൾ

മുംബയിൽ ബാന്ദ്രയും വോർളിയുമായി ബന്ധപ്പെടുത്തുന്ന ഒരു പാലം കടലിൽ കെട്ടിയിരിക്കുന്നു. ലോകത്തെ ഏറ്റവും മനോഹരമായ കടൽപ്പാലമാണ് ഇത്. ഇതിൽ ഉപയോഗിച്ചിരിക്കുന്ന ഇരുമ്പ് കമ്പി കൊണ്ട് ലോകത്തെ ഒരു ചുറ്റു ചുറ്റാം. ഹിമാലയത്തിൽ ദ്രാസ്-സുരു നദികൾക്കിടയിൽ ഉള്ള ബെയിലി പാലം ലോകത്തിലെ ഏറ്റവും ഉയരത്തിലുള്ള പാലമാണ്. ഇന്ത്യൻ സൈന്യത്തിന്റെ നിർമ്മാണ വൈദഗ്ധ്യം എടുത്തു കാട്ടുന്നതാണ് ഇത്. ലഡാക്കിൽ കടലിൽ നിന്ന് 19,300 അടി ഉയരത്തിൽ നിർമ്മിച്ചിരിക്കുന്ന റോഡ് ലോകത്തിലെ ഏറ്റവും ഉയരത്തിൽ വാഹനങ്ങൾ കടന്നു പോകുന്ന റോഡ് ആണ്. ഈഫൽ ടവറിനേക്കാൾ 35 അടി ഉയരമുള്ള ചെനാബ് പാലം ലോകത്ത് ഏറ്റവും അധികം ഉയരത്തിൽ ഉള്ള റെയിൽ പാലമാണ്. ചെനാബ് നദിക്ക് മേലെ 1178 അടി ഉയരത്തിലാണ് ഇത് നില കൊള്ളുന്നത്.



സ്ഥാപനങ്ങളിൽ ഇന്ത്യയുടെ റാങ്ക് ഉയർന്നു വരികയാണ്. ഇന്ത്യയുടെ അഭിപ്രായത്തിന് ഇന്ന് ലോകം വില കൽപിക്കുന്നു. പല രാജ്യങ്ങളുമായി ഇന്ത്യ രൂപയിൽ തന്നെയാണ് വിനിമയം നടത്തുന്നത്.



## മികവ് തെളിയിച്ച സൈന്യം

കിഴക്കൻ പാകിസ്ഥാനിൽ സർക്കാർ കലാപം ഉണ്ടായപ്പോൾ ഇന്ത്യ തലയിടുകയും അവിടത്തെ ജനങ്ങളുടെ സ്വാതന്ത്ര്യത്തിന് സഹായിക്കുകയും അങ്ങനെ ബംഗ്ലാദേശ് രൂപപ്പെടുകയും ചെയ്തു. ആ ഇന്ത്യ-പാക് യുദ്ധത്തിൽ 80,000 പാക് സൈനികർ ഇന്ത്യക്ക് കീഴടങ്ങി. ലോകത്തിലെ ഏറ്റവും വലിയ യുദ്ധ വിജയമായി ഇത് കണക്കാക്കപ്പെടുന്നു.

ലോകത്തെഏറ്റവുംഉയർന്നഅതിർത്തിയായ സിയാചിൻ ഇന്ത്യയുടെ നിയന്ത്രണത്തിലാണ്. ഇവിടെ 1999-ൽ കാർഗിലിലെ പാക് സൈന്യ നുഴഞ്ഞു കയറ്റം ഇന്ത്യ ധീരമായി അവസാനിപ്പിച്ചു. ലോകത്തിലെ ഏറ്റവും ഉയരത്തിൽ നടന്ന യുദ്ധമായിരുന്നു അത്.

## കമ്പ്യൂട്ടർ അത്ഭുതങ്ങൾ

1953-ൽ തന്നെ ഇന്ത്യ ഒരു ചെറിയ അനലോഗ് കമ്പ്യൂട്ടർ സൃഷ്ടിച്ചിരുന്നു. 1955-ൽ HEC 2M എന്ന കമ്പ്യൂട്ടർ ഇന്ത്യക്ക് ലഭിച്ചു. പരം എന്ന പേരിൽ ഇന്ത്യ സൂപ്പർ കമ്പ്യൂട്ടറുകൾ നിർമ്മിച്ചു.

ഇന്ന് ഇന്റർനെറ്റ് ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നവരിൽ ഇന്ത്യക്ക് രണ്ടാം സ്ഥാനമുണ്ട്. ഐ ടി ബിസിനസിലും ഇന്ത്യ രണ്ടാം സ്ഥാനത്താണ്. ലോകത്തെ പ്രധാന കമ്പ്യൂട്ടർ സ്ഥാപനങ്ങളുടെ തലവന്മാരിൽ പലരും ഇന്ത്യക്കാരാണ്.




ഐ ടി രംഗത്ത് ജോലി ചെയ്യുന്ന ഒരു യുവാവ്, അപൂവമായി ഒരു ഞായറാഴ്ച വീട്ടിൽ അവധി ചെലവഴിച്ചു. അയാൾ തന്റെ മെയിൽ ബോക്സിൽ നോക്കി. ഫേസ് ബുക്കിൽ തെരഞ്ഞു. ഇൻസ്റ്റാഗ്രാമിലും ഒന്ന് നോക്കി. ഒന്നിലും ആകർഷകമായി ഒന്നും തോന്നാത്തത് മൂലം അയാൾ തന്റെ അപ്പൂപ്പനുമായി സംഭാഷണത്തിൽ ഏർപ്പെട്ടു.

എന്താണെന്നറിയില്ല, അയാൾക്ക് അപ്പൂപ്പന്റെ ജീവിതരീതിയെ ഒന്ന് കളിയാക്കാൻ തോന്നി. അയാൾ ചിരിച്ചു കൊണ്ട് അപ്പൂപ്പനോടു പറഞ്ഞു, 'നിങ്ങളുടെ തലമുറയിൽ പെട്ടവർ വളരെ പാവമായിരുന്നു, അല്ലേ അപ്പൂപ്പാ. ടിവി ഇല്ല, സെൽഫോൺ ഇല്ല, എയർ കണ്ടിഷണർ ഇല്ല, ഇത്ര സൗകര്യങ്ങളുള്ള കാറുകൾ ഇല്ല, ട്രെയിൻ കുതിരവണ്ടികളെ പോലെ ഓടും, ലേറ്റസ്റ്റ് ടെക്നോളജി ഇല്ല, ഇതൊന്നും ഇല്ലാത്ത ജീവിതം ഞങ്ങൾക്ക് ചിന്തിക്കാൻ പോലുമാകുന്നില്ല. പക്ഷേ ഒട്ടേറെക്കാലം ഇതൊന്നും ഇല്ലാതെയാണ് നിങ്ങൾ ജീവിച്ചത്. എങ്ങനെയാണ് നിങ്ങൾ ആ കാലം കഴിച്ചത്?' അയാൾ ചോദിച്ചു.

അപ്പൂപ്പൻ ആ യുവാവിനെ അനുകമ്പയോടെ നോക്കി. പിന്നിട് ചിരിച്ചു. 'എല്ലാ തലമുറകൾക്കും ചില സൗകര്യങ്ങൾ ഉണ്ടാകും ചിലവ ഇല്ലാതിരിക്കും. എന്റെ തലമുറ നീ പറഞ്ഞ സൗകര്യങ്ങൾ ഒന്നും അനുഭവിച്ചിരിക്കില്ല. അതൊന്നും വലിയ സൗകര്യങ്ങളായി ഞങ്ങൾ കരുതിയില്ല. എന്നാൽ നിങ്ങളുടെ തലമുറയ്ക്ക് എന്തെല്ലാം നഷ്ടപ്പെടുന്നു എന്നറിയാമോ?' അപ്പൂപ്പൻ ചോദിച്ചു.

സ്നേഹം, ദയ, ബഹുമാനം, ടൈം മാനേജ്മെന്റ്, പ്ലാനിങ്, കളികൾ, പുസ്തക വായന, മറ്റുള്ളവരുമായുള്ള സംഭാഷണം.... ഇങ്ങനെ നിങ്ങൾക്ക് നഷ്ടപ്പെടുന്നതിന്റെ എണ്ണം വലുതാണ്. ഇതൊന്നും ഇല്ലാതെ നിങ്ങൾക്ക് ജീവിക്കാൻ കഴിയുമ്പോൾ ആധുനിക യന്ത്രോപകരണങ്ങൾ ഇല്ലാതെ ഞങ്ങൾക്ക് സന്തോഷത്തോടെ ജീവിക്കാൻ കഴിയില്ലേ? ടെക്നോളജി ഉപകരണങ്ങളുടെ തടവിലാണ് നിങ്ങൾ. ഞങ്ങൾ സ്വതന്ത്രരായി ജീവിച്ചു.'



അപ്പൂപ്പന്റെ വാക്കുകൾ ആ യുവാവിനെ ഇരുത്തി ചിന്തിപ്പിച്ചു. അയാൾ ശാന്തമായി അപ്പൂപ്പൻ പറയുന്നതു



# ഏതിൽ നിന്നാണ് സ്വാതന്ത്ര്യം വേണ്ടത്?

കേട്ടി രുന്നു. അപ്പൂപ്പൻ തുടർന്നു, 'ഞാൻ ഭൂരിഭാഗംയുവാക്കളെയും കുറ്റം പറയുന്നില്ല. തലമുറകളുടെ വിടവ് എന്ന് പറഞ്ഞാലും പഴയ മനുഷ്യർ എന്ന് പരിഹസിച്ചാലും നല്ല വിഷയങ്ങൾ വേണ്ടെന്നു വയ്ക്കരുത്. നമുക്ക് ഏതിൽ നിന്നാണ് സ്വാതന്ത്ര്യം വേണ്ടതെന്ന ബോധ്യമുണ്ടാകണം,' അപ്പൂപ്പൻ പറഞ്ഞു.

**അപ്പൂപ്പൻ അത്തരത്തിൽ പറഞ്ഞവ:**

● സ്കൂൾ കഴിഞ്ഞ് ഞങ്ങൾ വീഥികളിലാണ് കളിച്ചിരുന്നത്. വെയിൽ ദേഹത്ത് പതിക്കണം, വിയർപ്പു ചിന്തണം എന്ന് ആരും ഞങ്ങളെ പഠിപ്പിക്കേണ്ടി വന്നില്ല. സന്തോഷത്തോടെ ഞങ്ങൾ കളിച്ചു. എ സി മുറിയിൽ കമ്പ്യൂട്ടർ ഗെയിംസ് കളിച്ചല്ല ഞങ്ങൾ വളർന്നത്.

● സ്കൂളിലും വീഥികളിലും ഞങ്ങൾക്ക് നിറയെ സുഹൃത്തുക്കൾ ഉണ്ടായിരുന്നു. എനിക്ക് ഫേസ് ബുക്കിൽ ധാരാളം സുഹൃത്തുക്കൾ ഉണ്ട് എന്ന് മുഖംകാണാത്തആളെനോക്കിഅഹങ്കാരത്തോടെ പറയാറുണ്ടായിരുന്നില്ല.

● നഗ്ന പാദങ്ങളുമായാണ് ഏറെ സമയവും തെരുവിൽഅലഞ്ഞുനടന്നത്.കുപ്പിച്ചില്ല്കൊള്ളും, ആണികുത്തിക്കയറുംഎന്ന്വേവലാതിപ്പെടുന്നത്ര നാടിനെ കുപ്പക്കൂടാരമാക്കിയില്ല.

● സൂപ്പർമാർക്കറ്റിൽപോയിചൈനീസ്പാവകൾ വാങ്ങി മാതാപിതാക്കൾ തരുമായിരുന്നില്ല. വേണ്ട കളിപ്പാട്ടങ്ങൾ ഞങ്ങൾ ഉണ്ടാക്കി.

● കളിക്കുമ്പോൾ ദാഹിച്ചാൽ ഞങ്ങൾ ഏതു വീട്ടിൽ കടന്നും വെള്ളം കുടിക്കും. തെരുവ് പൈപ്പിൽ നിന്നും വെള്ളം കുടിക്കും. പൊതു ടാപ്പുകളിൽ ലഭിക്കുന്ന വെള്ളം കുടിക്കാൻ പറ്റാത്ത ഒന്നാക്കി ഞങ്ങൾ മാറ്റിയില്ല.

● പരിചയമുള്ളവരുടെ വീട്ടിലും സുഹൃത്തുക്കളുടെ വീട്ടിലും ഒരു ഭയവുമില്ലാതെ പോയി കിട്ടുന്ന ഭക്ഷണം കഴിക്കും. ആരും ആരെയും അന്യരായി കണ്ടിരുന്നില്ല. ആരെയും സംശയ കണ്ണുകളോടെ കണ്ടിരുന്നില്ല.

● ബന്ധുക്കളോട്ഉപചാരത്തിനല്ലാതെമനസ്സിൽ തട്ടി ഒട്ടേറെ നേരം സംസാരിക്കുമായിരുന്നു. അടുത്ത ബന്ധു എന്ന വാക്കിന്റെ ശരിയായ അർത്ഥം നൽകുന്നവരായിരുന്നു ബന്ധുക്കളും അവരുടെ സ്നേഹവും. നാല് വാക്ക് പറഞ്ഞ് ഇനി എന്ത് എന്നാലോചിച്ചു ബുദ്ധിമുട്ടുന്നവരായിരുന്നില്ല. ഞങ്ങൾ ഫോണിൽ കുത്തി കളിച്ചിരുന്നില്ല.

● ഞങ്ങൾ മൂന്നു തവണയും അരിയാഹാരമായിരുന്നു കഴിച്ചത്.പൊണ്ണത്തടി വച്ചില്ല.

● പോഷകം വേണം എന്ന് പറഞ്ഞ് പൊടിയും പാനീയങ്ങളും ഗുളികകളും ഞങ്ങൾക്ക് തന്നില്ല. എങ്കിലും ഞങ്ങൾ ആരോഗ്യത്തോടെ വളർന്നു.

● നിങ്ങളുടെ സുരക്ഷിതത്വത്തിന് ഹെൽമെറ്റ് ധരിക്കണം എന്ന് കോടതി പറഞ്ഞാൽ പോലും അനുസരിക്കാത്തവരാണ് നിങ്ങളിൽ ഒട്ടേറെ പേരും. ഞങ്ങളുടെ കാലത്ത് ഹെൽമെറ്റ് വേണ്ട. വല്ലാത്ത വേഗതയും അലക്ഷ്യമായ യാത്രയും അന്നുണ്ടായിരുന്നില്ല.

ഇങ്ങനെ അക്കമിട്ട് അപ്പൂപ്പൻ പഴയ കാല സൗഭാഗ്യങ്ങളെപറ്റി പറഞ്ഞു. 'ഞങ്ങളുടെ ഫോട്ടോ കറുപ്പും വെളുപ്പുമായിരിക്കും. എന്നാൽ ഞങ്ങളുടെചിന്തകൾവർണ്ണാഭമായിരുന്നു.അതിൽ ചിലത് അനുഭവിക്കാൻ നിങ്ങൾക്ക് അവസരമില്ല. പക്ഷേ നിങ്ങൾക്ക് പിന്തുടരാവുന്ന ധാരാളം കാര്യങ്ങൾ ഞങ്ങൾക്ക് പഠിപ്പിച്ചു തരാനാകും. അത് തലമുറ തലമുറയായി കൈമാറി വന്ന അനുഭവ പരിജ്ഞാനം. നിധി പഴയതാണെങ്കിലും അത് കൈവശപ്പെടുത്താൻ നാം നോക്കും. പൂർവിക സ്വത്ത്പഴയതാണെങ്കിലും അനുഭവിക്കണം. ഈ നല്ല പാരമ്പര്യം എന്ത് കൊണ്ടു നിങ്ങൾ പിന്തുടരാൻ ആഗ്രഹിക്കുന്നില്ല,' അദ്ദേഹം ചോദിച്ചു.

യുവാവ് ആലോചനയിൽ മുഴുകി. ●



# അമ്മയ്ക്ക് സ്വാതന്ത്ര്യം നൽകണം

പുരുഷന്മാർ ഒന്നാലോചിച്ചു നോക്കുക. നിങ്ങളെ ഒരു വീട്ടിൽ അടച്ചിട്ട് 'നിങ്ങളുടെ ജോലി ഇനി രണ്ടു കുട്ടികളെ പരിപാലിക്കുന്നതാണ്' എന്ന് പറഞ്ഞാൽ എന്ത് തോന്നും? ആ ജോലിയിൽ അൽപം പോലും വിശ്രമം ലഭിക്കാതിരുന്നാൽ എങ്ങനെയിരിക്കും? 'എനിക്ക് ഇതിൽ നിന്ന് മോചനം തരണം' എന്ന് പറഞ്ഞ് മിക്കവരും ഒച്ചപ്പാടുണ്ടാക്കും.

കുട്ടികളെ പരിപാലിച്ചു വളർത്തുക അതികഠിനമായ ജോലിയാണ്. ഉറങ്ങാതിരിക്കേണ്ടി വരും. ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും പ്രധാന ചടങ്ങുകളിൽ പങ്കെടുക്കാൻ കഴിയില്ല. കുഞ്ഞ് എന്തിന് കരയുന്നു, എന്തു കൊണ്ട് ആഹാരം കഴിക്കുന്നില്ല തുടങ്ങിയ ചോദ്യങ്ങൾക്ക് ഉത്തരം ഉണ്ടാകില്ല. ഇതെല്ലാം മൂലം ഉണ്ടാകുന്ന മാനസിക സമ്മർദ്ദം വലുതായിരിക്കും.

നമുക്ക് ഉണ്ടാകുന്ന ശല്യങ്ങൾ രണ്ട് തരമാണ്. ഒന്ന്, എപ്പോഴെങ്കിലും ഉണ്ടാകുന്നതും മറ്റൊന്നും ഇടയ്ക്കിടെ ഉണ്ടാകുന്നതും.

നിങ്ങളുടെ മാനേജർ മാസത്തിൽ ഒരിക്കൽ ഒരു മീറ്റിംഗിൽ പത്തു മിനിട്ട് നിങ്ങളെ ശാസിക്കും. പല്ലിറുക്കി കേട്ടിരുന്നാൽ, അത് കഴിയും. ഇത് ഒന്നാമത്തെ ശല്യം. നിങ്ങളുടെ റൂം മേറ്റ് നിങ്ങളെ ഉറങ്ങാൻ അനുവദിക്കാതെ കൂർക്കം വലിക്കും. ചില സുഹൃത്തുക്കൾ അടുപ്പം ഉണ്ടെന്ന് കാട്ടാൻ ചുമലിൽ അടിച്ച് സംസാരിക്കും. ഇതെല്ലാം ഇടയ്ക്കിടെ ഉണ്ടാകുന്ന ശല്യങ്ങൾ. അപകടകരവും കൂടുതൽ ദേഷ്യംപിടിപ്പിക്കുന്നതുമായ ശല്യങ്ങളാണ് ഇവ..

കുട്ടികളെ വളർത്തുന്നതും ഈ ഗണത്തിൽ പെടും. യുവതിയായ ഒരു അമ്മയ്ക്ക് ഇതിൽ നിന്ന് മോചനമില്ല. അവർക്ക് ശരിയായി ഉറങ്ങാൻ കഴിയില്ല. അമ്മ തന്റെ കുഞ്ഞിനെ ജീവന് തുല്യം സ്നേഹിക്കുന്നു എന്നതിൽ തർക്കമില്ല. എന്നാൽ ഒരു അമ്മയ്ക്ക് നിരവധി ജീവൽപ്രധാനമായ കൃത്യങ്ങൾ ചെയ്യേണ്ടതുണ്ട്. ഉറക്കം, മാനസികോല്ലാസം, ആഹാരം, കുളി തുടങ്ങി ഒന്നും ചെയ്യാൻ വയ്യാതെ പിടയുമ്പോൾ ഒരു അമ്മ ആകെ തകർന്നു പോകും.

അമ്മ എന്നാൽ സ്നേഹത്തിന്റെ പര്യായം. അവർ കുട്ടികളെ വളർത്തുന്നത് അതീവ സന്തോഷത്തോടെ ചെയ്യുന്നു എന്ന് കരുതരുത്. പലപ്പോഴും യുവ അമ്മമാർ വിഷാദത്തിൽ പെട്ടു പോകുന്നു. യുവാവായ ഒരു അച്ഛൻ കുറേ നേരം തന്റെ കുട്ടിയെ നോക്കി അമ്മയെ സ്വതന്ത്രയായി വിടണം. അത് പ്രധാന കടമയായി അയാൾ കാണണം.

ഭാര്യ വൈകിട്ട് ചായ കഴിച്ച് റിലാക്സ് ചെയ്യുമ്പോൾ കുട്ടിയുമായി കടയ്ക്കു പോകുകയോ പുറത്തു പോകുകയോ ചെയ്യണം. ഒരു മണിക്കൂർ എങ്കിലും അങ്ങനെ അമ്മയ്ക്ക് വിശ്രമം നൽകണം.

എപ്പോഴും കുഞ്ഞിനെ നോക്കിയും പരിപാലിച്ചും അമ്മ വിരസതയിലായിരിക്കും. ഒരു അമ്മ സ്വന്തം ഇന്ദ്രിയാവശ്യങ്ങൾ കുഞ്ഞിനു വേണ്ടി അൽപ കാലം ത്യാഗം ചെയ്തേക്കാം. പക്ഷേ, വൈകാതെ തന്നെ അവരുടെ ഇന്ദ്രിയങ്ങൾ ആവശ്യങ്ങൾ

ഉന്നയിക്കാൻ തുടങ്ങും. നല്ല പാട്ട് കേൾക്കാൻ, നല്ല കാഴ്ചകൾ കാണാൻ,രുചിയുള്ള ഭക്ഷണം കഴിക്കാൻ, സ്നേഹ വചസ്സുകൾ കേൾക്കാൻ അവർ ആഗ്രഹിക്കും.അമ്മയുടെ ആഗ്രഹങ്ങൾ യുവാക്കളായ അച്ഛന്മാർ മനസ്സിലാക്കണം.

ഒരു ഭാഗത്ത് രാത്രി ഉറക്കം കെടുത്തുന്ന കുട്ടി. മറ്റൊരു ഭാഗത്ത് എപ്പോഴും പരിചരണം പ്രതീക്ഷിക്കുന്ന കൈക്കുഞ്ഞ്. ഉറക്കം കളഞ്ഞ് കുഞ്ഞിനെ നോക്കി പരിക്ഷീണരാകുന്ന അമ്മമാർ പൊട്ടിത്തെറിച്ചാൽ അതിശയിക്കേണ്ട. ഒരു വിദേശ ടിവി സീരിയലിൽ ഒരു യുവതി തന്റെ കുട്ടികളെ നോക്കാൻ അമ്മയോട് ആവശ്യപ്പെടുന്ന രംഗമുണ്ട്. 'അമ്മേ, അമ്മയ്ക്ക് പേരക്കുട്ടികൾ എന്നു പറഞ്ഞാൽ വലിയ ഇഷ്ട മല്ലേ?' എന്ന് ചോദിക്കുന്നു.'എനിക്ക് ഐസ് ക്രീം ഇഷ്ടമാണ്. എന്ന് കരുതി ഞാൻ അത് അർധരാത്രി കഴിക്കാറില്ല,' അമ്മയുടെ മറുപടി

എല്ലാ അമ്മമാർക്കും കുട്ടികളെ ഇഷ്ടമാണ്. പക്ഷേ അതിന് എപ്പോഴും കുഞ്ഞ്, കുഞ്ഞ് എന്ന മാനസികാവസ്ഥ വിരസത നൽകും. ഇത് യുവ അച്ഛന്മാർ അറിഞ്ഞിരിക്കണം.

'ഇനി എപ്പോഴും ഇങ്ങനെയാണോ' എന്നൊരു വിരസ മാനസികഭാവം മനശ്ശാസ്ത്രത്തിൽ ഉണ്ട്. പുതുതായി ഒരു ജോലിക്ക് പോകുന്നു. ഒരു ദിവസം എട്ടു മണിക്കൂർ തുടർച്ചയായി ജോലി ചെയ്യുന്നു. പത്തു ദിവസം ജോലി അങ്ങനെ തന്നെ തുടരുന്നു. അപ്പോൾ 'ഇനി എപ്പോഴും ഇങ്ങനെയാണോ' എന്ന വിരസത ഉണ്ടാകും. അതിനിടയിൽ ആയുധപൂജ വരും. ജോലി കുറയ്ക്കാൻ പറഞ്ഞ ശേഷം പരിപാലന ജോലികൾ ചെയ്യുന്നു. രണ്ടു മൂന്നു ദിവസം അത്രയ്ക്ക് ജോലിയില്ല. അപ്പോൾ 'ഇനി എപ്പോഴും ഇങ്ങനെയാണോ' എന്ന ചിന്തയിൽ നിന്ന് സ്വതന്ത്രമാകും.

യുവ അമ്മമാർക്ക് ഇതേ വിരസത ധാരാളം ഉണ്ടാകും. കുഞ്ഞിന് മൂന്ന്, നാല് വയസ്സ് ആകുന്നത് വരെ യുവ അച്ഛന്മാർ ഭാര്യക്ക് പിന്തുണ നൽകണം. അപ്പോൾ ഭാര്യ മുമ്പത്തേക്കാൾ അധികമായി കുടുംബത്തെ സ്നേഹിക്കും. പരസ്പരം വികാരങ്ങൾ മാനിച്ചും പരസ്പരം വേണ്ട സൗകര്യങ്ങൾ ഒരുക്കി നൽകിയും സ്നേഹപൂർവം ഒരുമിച്ചു കഴിയുന്നതാണ് കുടുംബ ജീവിതം. അല്ലാതെ മറ്റുള്ളവരുടെ സ്വാതന്ത്ര്യ ത്തിനു തടയിടുന്നതല്ല. ●



# വെണ്മ

| പുതിയ കാഴ്ചകൾ |

വോള്യം 7 ലക്കം 12

ഓഗസ്റ്റ് 2025

ഓണററി എഡിറ്റർ
**കെ ആർ നാഗരാജൻ**

പത്രാധിപർ
**ടി ജെ ജ്ഞാനവേൽ**

എക്സിക്യൂട്ടീവ് എഡിറ്റർ
**സെബാസ്റ്റ്യൻ ജോസഫ്**

അസിസ്റ്റന്റ് എഡിറ്റർ
**വേണുഗോപാൽ എസ്**

പ്രൊഡക്ഷനും ഡിസൈനും
തരു മീഡിയ പ്രൈവറ്റ് ലിമിറ്റഡ്
A2 ഗ്രൗണ്ട് ഫ്ലോർ, നം.110 ട്രിനിറ്റി
കോംപ്ലക്സ്, 4th അവന്യൂ, അശോക്
നഗർ, ചെന്നൈ - 600 083
മൊബൈൽ - 9952920801



ഈ മാസികയുടെ ഒരു ഭാഗവും രേഖാപൂർവമുള്ള മുൻകൂർ അനുമതിയില്ലാതെ ഇലക്ട്രോണിക് മാധ്യമങ്ങൾ അടക്കം പുനപ്രസിദ്ധീകരിക്കുന്നത് പകർപ്പവകാശ നിയമനുസരിച്ച് നിരോധിക്കപ്പെട്ടിരിക്കുന്നു.




Published by
K.R. NAGARAJAN,
Published from
10, Sengunthapuram
Mangalam Road, TIRUPUR–641 604.
Email: venmaii@ramrajcotton.net


# എന്താണ് സ്വാതന്ത്ര്യം?

സ്വാതന്ത്ര്യം പോലെ മനുഷ്യ മനസ്സിനെ ഇത്ര സ്വാധീനിച്ച മറ്റൊരു വിഷയം ഉണ്ടാകില്ല. എന്താണ് സ്വാതന്ത്ര്യം? മനസ്സ് എവിടെ ഭയരഹിതമായി കഴിയുന്നുവോഅവിടെയാണ്സ്വാതന്ത്ര്യംഎന്ന്ടാഗോർ പറയുന്നു. നമ്മുടെ തെരഞ്ഞെടുപ്പാണ് സ്വാതന്ത്ര്യം എന്ന് ചിന്തകർ വിശദീകരിക്കുന്നു. സാമൂഹികമായ വിലക്കുകളെ അവഗണിച്ച് സനാതനമായ മൂല്യങ്ങൾക്ക് വേണ്ടി പൊരുതുമ്പോഴാണ് സ്വാതന്ത്ര്യം എന്ന് പൊതുവേ കണക്കാക്കപ്പെടുന്നു. അടിമത്തത്തിൽ നിന്നും മറ്റുള്ളവർ സൃഷ്ടിക്കുന്ന ചങ്ങലകളിൽ നിന്നുമുള്ള മോചനമാണ് സ്വാതന്ത്ര്യം എന്ന പദം അർത്ഥമാക്കുന്നത്.


ഒറ്റ നോട്ടത്തിൽ സുലഭമായ ഒന്നാണ് അതെന്നു തോന്നുമെങ്കിലുംസ്വാതന്ത്ര്യംനേടാൻനാംനൂറ്റാണ്ടുകൾ എടുത്തു. മറ്റു രാജ്യങ്ങളും അങ്ങനെ തന്നെ. ഇന്നും പാരതന്ത്ര്യത്തിൽ കഴിയുന്ന നിരവധി രാജ്യങ്ങൾ ഉണ്ട്. സ്വതന്ത്രമായ സമൂഹങ്ങളിൽ പോലും ചിലർക്ക് മാത്രമാണ് സ്വാതന്ത്ര്യം. ജാതി മത വർഗ വിവേചനങ്ങൾ മൂലം പലരും പാരതന്ത്ര്യം അഭിമുഖീകരിക്കുന്നു. എല്ലാവരും തുല്യരാണെന്ന് സ്വാതന്ത്ര്യ പ്രഖ്യാപനത്തിൽ പറയുന്ന യു എസിൽ കറുത്ത വർഗക്കാർക്ക് വോട്ടവകാശം ലഭിക്കാൻ നൂറ്റാണ്ടുകൾ വേണ്ടി വന്നു. കറുത്തവരുടെ വിമോചനത്തിന് ഒരു ആഭ്യന്തര യുദ്ധം തന്നെ വേണ്ടി വന്നു. പല നാടുകളിലും സ്ത്രീകൾക്ക് വോട്ടവകാശം ഉണ്ടായിരുന്നില്ല. ഇന്നും പഠനത്തിനു പോലും ചില നാടുകളിൽ സ്ത്രീകൾക്ക് വിലക്കുണ്ട്. സ്വത്തവകാശം പറയുകയേ വേണ്ട. സമത്വത്തിന്റെ അഭാവം മൂലം സ്വാതന്ത്ര്യം എല്ലാവരിലേക്കും എത്തുന്നില്ല.

ഇങ്ങനെയൊരു ലോകത്തിൽവ്യക്തിപരമായായും സാമൂഹികമായും സ്വാതന്ത്ര്യം നേടുക എന്നത് പ്രധാന ലക്ഷ്യമാകണം. സമത്വത്തിലും സാഹോദര്യത്തിലും അടിയുറച്ച ഒരു സമൂഹം കെട്ടിപ്പടുക്കുമ്പോഴേ സ്വാതന്ത്ര്യം യാഥാർത്ഥ്യമാകൂ സ്വാതന്ത്ര്യ സമര സേനാനികളുടെ ത്യാഗവും വലിയ പോരാട്ടങ്ങളും മൂലമാണ് ഇന്ത്യ സ്വാതന്ത്ര്യം നേടിയത്. ആ സ്വാതന്ത്ര്യത്തിന്റെ അർത്ഥം എല്ലാവരിലും എത്തിക്കുകയാണ് ഇന്ന് നമുക്ക് ആവശ്യം. അതേ പോലെ സാമ്പത്തികവും സാമൂഹികവുമായി നാം സമത്വം കൈവരിക്കണം. അതിനുള്ള ശ്രമമാണ് ഇന്ന് നടക്കേണ്ടത്. ●


LINEN PARK®
DHOTIS • SHIRTS • TROUSERS • FABRICS
by
RAMRAJ
CULTURAL
Vibe
CULTURE WITH
A MODERN TWIST
Shop Online @ www.ramrajcotton.in


Culture India™
TRADITIONAL KURTAS ● DHOTIS
BY
RAMRAJ
CULTURAL
VIBE
CULTURE WITH
A MODERN TWIST
Shop Online @ www.ramrajcotton.in


RAMYYAM®
SAREES • KURTIS
Product by
RAMRAJ



RAMRAJ
ACHARYA®
PANCHAKACHAM DHOTIS
Shop Online @ www.ramrajcotton.in

നിങ്ങളുടെ വീട്ടിൽ
വെണ്മ എത്തണ്ടേ?

# വെണ്മ

## വരിക്കാരാകൂ



'ഉന്നതമായ ചിന്തകൾ ലോക മെമ്പാടും എത്തേണ്ടതുണ്ട്' എന്ന ഉൽകൃഷ്ടമായ ലക്ഷ്യത്തിൽ മികവുറ്റ ലക്കങ്ങൾ തുടർന്നും എത്തിച്ചു കൊണ്ടിരിക്കുകയാണ് വെണ്മ. ഓരോ കുടുംബവും അമൂല്യ മായ നിധി പോലെ സൂക്ഷിക്കേണ്ട ഒന്നാണ് ഈ ലക്കം

ഒരു വർഷം സബ്സ്ക്രിപ്ഷൻ 200 രൂപ
രണ്ട് വർഷം സബ്സ്ക്രിപ്ഷൻ 380 രൂപ

VENMAII എന്ന പേരിൽ എഴുതിയ/എടുത്ത ചെക്ക്/ഡിഡി അയക്കുക. അതിന്റെ പിൻഭാഗത്ത് നിങ്ങളുടെ പേരും വിലാസവും എഴുതണം.

അല്ലെങ്കിൽ

VENMAII എന്ന പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ (A/C No:1809135000000299 Karur Vysya Bank, Tirupur SR Nagar Branch - IFSC: KVBL0001809) പണം ചെലുത്തി ആ രസീതിന്റെ പകർപ്പ് സബ്സ്ക്രിപ്ഷൻ ഫോമിനോടൊപ്പം അയക്കാം.

**വെണ്മ**
രാംരാജ് വി ടവർ.
10, ചെങ്കുന്തപുരം, മംഗലം റോഡ്,
തിരുപ്പൂർ-641 604
email: venmaii@ramrajcotton.net

സബ്സ്ക്രിപ്ഷൻ അടയ്ക്കാനും വെണ്മ ലക്കം മൊത്തത്തിൽ വാങ്ങാനും ബന്ധപ്പെടൂ.
ഫോൺ:
0421-4304106, 98422 74137

## ഒരു നിമിഷം കൊണ്ട് വെണ്മയുടെ വരിക്കാരാകാം

1. നിങ്ങളുടെ സബ്സ്ക്രിപ്ഷൻ PhonePe G Pay എന്നിവ വഴി അടയ്ക്കാം.

UPI ട്രാൻസാക്ഷനിലൂടെയും മൊബൈൽ ഫോൺവഴിയും വെണ്മയുടെ ബാങ്ക് അക്കൗണ്ടിലേക്ക് സബ്സ്ക്രിപ്ഷൻ തുക അടയ്ക്കാം. വെണ്മ UPI id: kvbupiqr.75626@kvb

Bharat QR code സൗകര്യമുള്ള മൊബൈൽ ബാങ്കിങ് ആപ്പ് ഉപയോഗിക്കുന്നവർ, അതിൽ ഇവിടെ നൽകിയിരിക്കുന്ന വെണ്മയുടെ ബാങ്ക് അക്കൗണ്ടിന്റെ QR code സ്കാൻ ചെയ്ത് സബ്സ്ക്രിപ്ഷൻ തുക അടയ്ക്കാം.

2. പണം അടച്ചതായി ബാങ്കിൽ നിന്നുള്ള സന്ദേശം Forward ചെയ്യൂ

3. അതോടൊപ്പം പൂർണമായ മേൽവിലാസവും മൊബൈൽ ഫോൺ നമ്പരും വാട്സ്ആപ്പ് ചെയ്യൂ. മൊബൈൽ ഫോൺ നം: 98422 74137

**ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ:**
**Venmaii**
**A/C No: 1809135000000299, Karur Vysya Bank**
**Tirupur SR Nagar Branch, IFSC Code :KVBL0001809.**

## വിദ്യാർത്ഥികൾക്ക് പ്രത്യേക കിഴിവ്



ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ
രൂപ ~~200~~ രൂപ 125 മാത്രം
രണ്ട് വർഷത്തെ സബ്സ്ക്രിപ്ഷൻ
രൂപ ~~380~~ രൂപ 250 മാത്രം

(ആറാം ക്ലാസിനു മുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ഈ സൗജന്യം. സബ്സ്ക്രിപ്ഷൻ പണം അടയ്ക്കുമ്പോൾ വിദ്യാർത്ഥികൾ തിരിച്ചറിയൽ കാർഡിന്റെ പകർപ്പും അയക്കണം)

## സീനിയർ സിറ്റിസൺ പ്രത്യേക കിഴിവ്



ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ
രൂപ ~~200~~ രൂപ 125 മാത്രം
രണ്ട് വർഷത്തെ സബ്സ്ക്രിപ്ഷൻ
രൂപ ~~380~~ രൂപ 250 മാത്രം

(60 വയസ്സിനു മുകളിലുള്ളവർക്കാണ് ഈ സൗജന്യം. സബ്സ്ക്രിപ്ഷൻ പണം അടയ്ക്കുമ്പോൾ ജനനത്തീയതിയുടെ തെളിവിന്റെ പകർപ്പും അയക്കണം)

**ഷോറൂമുകളിൽ നിന്ന് 10,000 രൂപയ്ക്കു മേൽ ഉൽപന്നങ്ങൾ വാങ്ങുന്നവർക്ക്**
**ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ സമ്മാനമായി നൽകും**

**നമുക്ക് ഇഷ്ടപ്പെടാത്ത ഒരു ചുറ്റുപാട്, അപകടകരമായ ഒരു ക്ഷണം. തെറ്റായ ഒരു ശീലം... ഇത്തരത്തിൽ ജീവിതത്തിൽ അനുയോജ്യമല്ലാത്ത ഏത് സ്ഥലത്തു നിന്നും ഒഴിഞ്ഞുനിൽക്കുന്നതും ഒരു തരത്തിൽ സ്വാതന്ത്ര്യം ആണ്.**

# ഒഴിഞ്ഞു നിൽക്കുന്നതും സ്വാതന്ത്ര്യം



ഫിനാൻസ് കമ്പനികളുടെ തട്ടിപ്പും പറ്റിപ്പും ഒരു തുടർക്കഥയാണ്. കൂടുതൽ പലിശ മോഹിപ്പിച്ചും നിക്ഷേപിച്ച പണം ചില വർഷങ്ങൾ കൊണ്ട് പല മടങ്ങായി തിരികെ നൽകും എന്ന് ഉറപ്പു നൽകിയും ഉള്ള തട്ടിപ്പുകളെക്കുറിച്ച് വാർത്തകൾ ഒഴിയാറില്ല. ഇത്തരത്തിലുള്ള തട്ടിപ്പ് നാടകങ്ങൾ സിനിമയിലും ടെലിവിഷനിലും പത്രങ്ങളിലും കണ്ട ശേഷവും എന്തു കൊണ്ടാണ് പലരും പറ്റിക്കപ്പെടുന്നത്? ഈ കുരുക്കിൽ നിന്ന് അകന്നു നിൽക്കാതെ എന്ത് കൊണ്ടാണ് അതിനു പിന്നാലെ പായുന്നത്?

പല വർഷങ്ങൾക്കു മുമ്പ് ഇത്തരത്തിലുള്ള തട്ടിപ്പുകൾ കണ്ട് ഇപ്പോൾ ജനങ്ങൾക്ക് ബോധം ഉദിച്ചു എന്ന് വിശ്വസിച്ചിരുന്നു. പക്ഷേ കഴിഞ്ഞ ചില മാസങ്ങളിൽ കോടിക്കണക്കിന് രൂപ

ആയിരക്കണക്കിന് ജനങ്ങൾക്ക് നഷ്ടപ്പെട്ടു. കാരണം? അത്യാർത്തിയും മനചാഞ്ചല്യവും ജനങ്ങളെ അടിമകളാക്കിയിരിക്കുകയാണ്. 'മറ്റുള്ളവർ എന്ത് കരുതും' എന്ന അനാവശ്യ ചിന്ത പല ചങ്ങലകൾ കൊണ്ട് ഇത്തരക്കാരെ ബന്ധിപ്പിച്ചിരിക്കുകയാണ്.

ഭൂരിഭാഗം പേരും മുഖമറിയാത്ത മനുഷ്യരെക്കൊണ്ടല്ല തട്ടിപ്പിനിരയാകുന്നത്. ഒരാൾ പണം നിക്ഷേപിക്കുകയും ആ വ്യക്തിക്ക് പരിചയമുള്ള മറ്റു ചിലരെ നിക്ഷേപിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുമ്പോൾ അവർക്കും പണം ലഭിക്കും എന്നതു പോലെ ചങ്ങല പോലുള്ള പദ്ധതികളാണ് ഇവ. 'മറ്റ് തട്ടിപ്പ് കമ്പനികളെപ്പോലെ ഈ കമ്പനി വഞ്ചിക്കില്ല. നമുക്ക് നല്ല പരിചയമുള്ള ഒരാൾ ഇതിൽ ജോലി ചെയ്യുന്നുണ്ട്. എന്തെങ്കിലും പ്രശ്നം ഉണ്ടാകാൻ സാധ്യതയുണ്ടെങ്കിൽ ഉടനെ വിവരം അറിയാം. നമ്മൾ നിക്ഷേപിച്ച പണം തിരിച്ചെടുക്കാം' എന്നതു പോലെ മോഹിപ്പിക്കും. വിശ്വാസമുള്ള ഒരാൾ ഉറപ്പ് പറയുമ്പോൾ നിരസിക്കാൻ കഴിയാതെ ചേരും. ആ ചങ്ങലയിൽ നിന്ന് മോചനം സാധ്യമല്ല. റിട്ടയർമെന്റിനു ശേഷമുള്ള ജീവിതത്തിനായി മാറ്റി വച്ച പണം മൊത്തത്തിൽ നഷ്ടപ്പെട്ട് നിസ്സഹായരായിപ്പോയ പ്രായമേറിയവർ ഏറെയുണ്ട്.

സ്ത്രീകളിൽ പലരും ചീട്ടു കെട്ടുന്ന കാര്യവും ഇങ്ങനെ തന്നെ. തട്ടിപ്പിനിരയായ സ്ത്രീകളോട് ചോദിച്ചു നോക്കിയാൽ, അവരിൽ പലരും മുഖമറിയാത്തവരിൽ നിന്ന് പറ്റിക്കപ്പെട്ടവർ അല്ലെന്ന് മനസ്സിലാകും. നല്ല പരിചയവും അടുപ്പവും എന്തിന് 'ചേച്ചി,' 'അമ്മായി', 'അമ്മ' എന്നൊക്കെ അടുപ്പത്തോടെ വിളിച്ച് ശീലിച്ചവരിൽ നിന്നായിരിക്കും പറ്റിക്കപ്പെട്ടിരിക്കുക.

തട്ടിപ്പുകാർ പെരുകി. വിദേശ ജോലി മോഹിപ്പിച്ചുള്ള തട്ടിപ്പും നടക്കുന്നുണ്ട്. സർക്കാർ ജോലി പിൻവാതിലിലൂടെ വാങ്ങിത്തരാം എന്ന് പറഞ്ഞ് പറ്റിക്കും. പ്രശസ്ത കോളെജിന്റെ പേര് പറഞ്ഞ് അവിടെ സീറ്റ് വാങ്ങിത്തരാം എന്ന് വാഗ്ദാനം ചെയ്ത് വഞ്ചിക്കും. ഇങ്ങനെ പറ്റിക്കുന്ന ആരും മുഖം അറിയാത്തവർ അല്ല. നല്ല പരിചയമുള്ളവരായിരിക്കും. 'ഇത് ഇദ്ദേഹത്തിന് ചെയ്യാൻ കഴിയുമോ, ഈ മാർഗം ന്യായമായതാണോ, ഇത് ശരിയാകുമോ' എന്നതു പോലുള്ള ചോദ്യങ്ങൾ മനസ്സിൽ ഉണ്ടായാൽ തന്നെ, നാം പറ്റിക്കപ്പെടില്ല. പക്ഷേ മനചാഞ്ചല്യവും അതിമോഹവും ഏവരേയും അടിമകളാക്കും.

പണത്തിന്റെ കാര്യത്തിൽ മാത്രമല്ല, അകന്നു നിൽക്കേണ്ട പല സന്ദർഭങ്ങളിലും പലരും പെട്ടുപോകുകയാണ്. ഒരു സൗഹൃദക്കൂട്ടത്തിൽ ചിലർക്ക് മദ്യപാന ശീലം ഉണ്ടായിരിക്കുകയും മറ്റുള്ളവർ മദ്യപിക്കാതിരിക്കുകയുമാണെങ്കിൽ, അവരെ നിർബന്ധിച്ച് കുടിപ്പിക്കുന്ന ശീലം ഉണ്ട്. ഓഫീസ് പാർട്ടിയിൽ മേലധികാരി മദ്യപിക്കും. മേലധികാരി ഗ്ലാസുമായി നിൽക്കുമ്പോൾ താനും കുടിച്ചില്ലെങ്കിൽ എന്ത് കരുതും എന്ന് കരുതി മദ്യപിക്കുന്നവർ ഉണ്ട്. അദ്ദേഹത്തെ അനുനയിപ്പിക്കാൻ ഇതാണ് നല്ല സന്ദർഭം എന്ന് കരുതി മദ്യപിച്ച് നശിക്കുന്ന മനുഷ്യരും ഉണ്ട്. ചെറുപ്പത്തിലേ തെറ്റായ ശീലങ്ങൾക്ക് അടിമയാകുന്ന പലരും, ഇത്തരത്തിൽ അകന്നു നിൽക്കേണ്ട ചുറ്റുപാടിൽ മനസ്സുറപ്പില്ലാതിരുന്നവരാണ്.

സ്ത്രീകൾക്ക് മറ്റൊരു രീതിയിൽ ബുദ്ധിമുട്ട് ഉണ്ടാകും. 'എനിക്ക് അറിയാവുന്ന ഒരാൾ അച്ചാറിട്ട് വിൽക്കുന്നുണ്ട്. നന്നായിട്ടുണ്ടാകും' എന്ന് അയൽപക്കത്തെ കൂട്ടുകാരികൾ വന്ന് തലയിൽ കെട്ടിവയ്ക്കും. ഇഷ്ടമല്ല എങ്കിലും, 'അവരെ വിഷമിപ്പിക്കേണ്ട' എന്ന് കരുതി വാങ്ങും. ഇത്തരത്തിൽ പപ്പടം തുടങ്ങി സാരി വരെ നീളും ഈ പട്ടിക.


മറ്റ് ചില സ്ത്രീകൾ എംബ്രോയിഡറി, കമ്പ്യൂട്ടർ പോലുള്ള ഏതെങ്കിലും ക്ലാസിൽ ചേരും. കൂട്ടിന് ആൾ ആവശ്യമായതിനാൽ, ഇഷ്ടമേ ഇല്ലാത്ത കൂട്ടുകാരികളെ വിലവീശും. ചില സ്ത്രീകളും പുരുഷന്മാരും സ്വയം ഇത്തരത്തിൽ വലയിൽ ചെന്ന് വീഴും. അടുത്ത വീട്ടിലെ കൂട്ടുകാരി ജിമ്മിൽ പോകുന്നത് കണ്ട്, അടുത്ത ദിവസം തന്നെ ജിമ്മിൽ പോയി ചേരുന്ന സ്ത്രീകൾ ഉണ്ട്. പൊണ്ണത്തടി കുറയ്ക്കാൻ സൈക്കിൾ ഓടിക്കുന്ന സുഹൃത്തിനെ കണ്ട്, അത്തരത്തിൽ വിലക്കൂടിയ സൈക്കിൾ വാങ്ങിയവർ ഉണ്ട്. ആരംഭശൂരത്വത്തിനു ശേഷം അത് പൊടിപിടിച്ച് കിടക്കും.

സമ്പാദ്യ കാര്യത്തിൽ ശ്രദ്ധ വേണം. ഒരു രൂപയാണെങ്കിലും, ഒരു ലക്ഷമാണെങ്കിലും നമ്മുടെ പണം നല്ല രീതിയിൽ ചെലവഴിക്കണം എന്ന വ്യക്തത ഉണ്ടായിരിക്കണം. ഇത് ഉണ്ടായിരുന്നാൽ മതി സ്വാതന്ത്ര്യം തേടിവരും. ●

# വാർധക്യത്തിൽ സ്വാതന്ത്ര്യം

അമ്പത് വയസ്സ് കഴിയുമ്പോഴാണ് ഒരാൾ തന്റെ ജീവിതത്തിൽ കൂടുതൽ സമ്പാദിക്കാനുള്ള അവസരം നേടുന്നത്. അത്രയും വർഷങ്ങളുടെ അനുഭവജ്ഞാനത്തിൽ ലഭിക്കുന്ന ഉദ്യോഗക്കയറ്റവും ശമ്പള വർധനയും ആ വ്യക്തിയെ ഉത്തുംഗത്തിൽ എത്തിക്കും. കുടുംബ ഉത്തരവാദിത്തങ്ങളും അപ്പോഴാണ് അധികരിക്കുന്നത്. അത്രയും ഉത്തരവാദിത്തങ്ങളുടെ ഭാരവും താങ്ങി പമ്പരം പോലെ കറങ്ങേണ്ടി വരും. മനസ്സിന്റെ വേഗത്തിൽ ശരീരം എത്തില്ല. ആ പ്രായത്തിൽ നിർണായകമായ ആരോഗ്യപ്രശ്നങ്ങൾ ഓരോന്നായി തല പൊക്കും.

ശരീരത്തിനും മനസ്സിനും പ്രായമേറാൻ തുടങ്ങിയത് മനസ്സിലാക്കണം. ഉത്തരവാദിത്തങ്ങൾ എല്ലാം പൂർത്തിയാക്കി അനുഭവങ്ങൾ ധാരാളം സമ്പാദിച്ച് നടു നിവർത്തുമ്പോൾ, ഓരോരുത്തരും നേരിടുന്ന അവസ്ഥയാണ് ഇത്. ഈ പ്രായത്തിൽ ശരീരം എങ്ങനെയായിരുന്നാലും മനസ്സിന് യുവത്വം നൽകിയാൽ, ഉത്സാഹത്തോടെ വാർധക്യത്തെ നേരിടാൻ കഴിയും. ശരീരത്തിന് മാത്രമാണ് വാർധക്യം എന്ന മാറ്റം. ജീവിതത്തിൽ മറന്നു പോയ ഭംഗിയുള്ള കാര്യങ്ങൾ വീണ്ടും ഓർമ്മയിലെത്തിച്ച് രസിക്കാനും അനുഭവിക്കാനും തയാറാകുമ്പോൾ, മനസ്സ് യുവത്വമാകും.



എന്തെങ്കിലും സന്തോഷത്തോടെ പഠിച്ചും, പുതിയ അനുഭവങ്ങൾ തേടിക്കൊണ്ടും ഇരുന്നാൽ നമുക്ക് വയസ്സാകില്ല. ഇതുവരെ യന്ത്രം പോലെ അധ്വാനിച്ചുകൊണ്ടിരുന്ന മനസ്സിനും ശരീരത്തിനും വിശ്രമം ലഭിച്ചിരിക്കുന്നത് അനുഭവിച്ച് രസിക്കണം. രാവിലെയുള്ള വാക്കിംഗ്, ശുദ്ധവായു ശ്വസിക്കാൻ സഹായിക്കുന്നതിനോടൊപ്പം പ്രഭാതത്തിന്റെ ഭംഗി ആസ്വദിക്കാനും വഴിയൊരുക്കും.


പേരക്കുട്ടികളെ കൊഞ്ചിച്ച് സന്തോഷിക്കണം. അവർക്ക് ആവശ്യമുള്ളത് ചെയ്യണം. കുട്ടികളുടെ ലോകത്ത് എത്തുമ്പോൾ നിങ്ങളും കുട്ടികളായി മാറണം. 'എനിക്ക് എല്ലാം അറിയാം' എന്ന അഹങ്കാരം മാറ്റിവച്ച്, ഒന്നും അറിയാത്ത കുട്ടിയെപ്പോലെ മാറിയാൽ മതി... അവർ സ്നേഹത്തോടെ നിങ്ങളെ വരവേൽക്കും.

ആരെയും അനാവശ്യമായി ഉപദേശിക്കരുത്. നിങ്ങളുടെ അനുഭവങ്ങളിൽ നിന്ന് ചുരുക്കത്തിൽ വഴികാട്ടണം. നാവടക്കം ഈ വയസ്സിൽ കൂടുതൽ അവശ്യം. ഇത്രയും കാലം ആസ്വദിച്ച് കഴിച്ചതു പോലെ ഇപ്പോഴും കഴിക്കണം എന്ന് ചിന്തിക്കരുത്. ശരീരം സ്വീകരിക്കുന്ന ഭക്ഷണങ്ങൾ മാത്രം കഴിക്കണം. മനസ്സിനെ ശാന്തമാക്കാനുള്ള കരുത്ത് കലകൾക്ക് ഉണ്ട്. നിങ്ങൾക്ക് ഇഷ്ടമുള്ള ഒരു കലയിൽ വ്യാപൃതരാകണം.

വളരെ പ്രധാനപ്പെട്ടത്, സാമ്പത്തിക കരുത്ത്. അവസാന കാലം വരെ ആരുടെ സഹായവും പ്രതീക്ഷിക്കാത്ത വിധത്തിൽ സമ്പാദ്യം വേണം. നിങ്ങളുടെ ആവശ്യങ്ങൾ പൂർത്തീകരിക്കുന്ന അളവിൽ അത് ഉണ്ടായിരിക്കണം.

ജോലികൾ ഇല്ലാതെ വിശ്രമിക്കുന്ന വാർധക്യത്തിലാണ് പലർക്കും മനസ്സിൽ എന്തെങ്കിലും ചിന്തകൾ അലയടിക്കുന്നത്. കഴിഞ്ഞ കാലത്തെ മുറിവുകൾ, ദ്രോഹങ്ങൾ, നിരാകരണങ്ങൾ എന്നിവ ചിന്തിച്ച് ദുഃഖിക്കരുത്. അവ മറക്കാൻ കഴിഞ്ഞാൽ, വാർധക്യം പലർക്കും സ്വാതന്ത്ര്യത്തിന്റെ കാലമാണ്. ●

# ഇതൊന്നും സ്വാതന്ത്ര്യമല്ല



ഒരു സൈനിക ദളത്തിൽ പുതിയ കമാൻഡർ നിയമിതനായി. ആദ്യ ദിവസം ഓഫീസും പരിസരവും ചുറ്റിക്കാണുമ്പോൾ, മരത്തണലിൽ ഉണ്ടായിരുന്ന ഒരു ബെഞ്ചിന് രണ്ട് സൈനികർ കാവൽ നിൽക്കുന്നത് ശ്രദ്ധയിൽ പെട്ടു. ആ ബെഞ്ചിൽ ആരും ഇല്ല. ആ പരിസരത്തും ആരുമില്ല. 'നിങ്ങൾ ഇവിടെ എന്തിനാണ് കാവൽ നിൽക്കുന്നത്' എന്ന് അവരോട് ചോദിച്ചു. 'അറിയില്ല, സർ. ദീർഘകാലമായി ഇവിടെ രണ്ട് സൈനികരെ കാവലിന് നിർത്താറുണ്ട്. ഇന്ന് ഞങ്ങളുടെ ഡ്യൂട്ടിയാണ്' എന്ന് പറഞ്ഞു.

ഒന്നും മനസ്സിലാകാത്ത കമാൻഡർ, പഴയ കമാൻഡറോട് കാര്യം അന്വേഷിച്ചു. 'എനിക്കും കാരണം അറിയില്ല. അവിടെ രണ്ട് സൈനികരെ കാവലിന് നിയോഗിക്കുന്ന പതിവ് ആണ്. അതു കൊണ്ട് അത് തുടരട്ടെ എന്ന് ഞാനും കരുതി' എന്ന് പറഞ്ഞു. ഇത്തരത്തിൽ നാല് മുൻ കമാൻഡർമാരോട് അദ്ദേഹം ചോദിച്ചു നോക്കി. അഞ്ചാമത്തെ കമാൻഡർക്ക് ഫോൺ ചെയ്ത് കാര്യം പറഞ്ഞപ്പോൾ അദ്ദേഹം ഞെട്ടിപ്പോയി, 'എന്ത്? ഞാൻ റിട്ടയർ ആയ അവസാന ദിവസം ആ ബെഞ്ചിൽ പെയിന്റ് അടിച്ചിരുന്നു. പെയിന്റ് ഉണങ്ങും മുമ്പ് ആരും ഇരിക്കരുതെന്ന് കരുതി രണ്ട് പേരെ കാവലിന് ഇട്ടു. ആ പെയിന്റ് ഇനിയും ഉണങ്ങിയില്ലേ?' എന്ന് തിരികെ ചോദിച്ചു.

ഇതു പോലുള്ള അർത്ഥമില്ലാത്ത കീഴ്വഴക്കങ്ങളെയും മോശമായ പ്രവർത്തികളെയും സ്വാതന്ത്ര്യം എന്ന് കരുതാൻ കഴിയില്ല. ഇത്തരത്തിൽ ഏതൊക്കെയാണ് സ്വാതന്ത്ര്യമല്ലാത്തത്?

- പൊതുസ്ഥലങ്ങളിൽ മോശമായ വാക്കുകൾ സംസാരിക്കുന്നത് സ്വാതന്ത്ര്യമല്ല.
- ആരെയും മാനസികമായും ശാരീരികമായും മുറിവേൽപിക്കുന്നത് സ്വാതന്ത്ര്യമല്ല.
- നമ്മുടെ ആഗ്രഹത്തിനായി പ്രകൃതിയെ നശിപ്പിക്കുന്നത് സ്വാതന്ത്ര്യമല്ല.
- ആവശ്യത്തിലും അധികം ഏതെങ്കിലും ഉപയോഗപ്പെടുത്തി പാഴാക്കുന്നത്, അടുത്ത തലമുറയെ പ്രതിസന്ധിയിലാക്കും. അതും സ്വാതന്ത്ര്യമല്ല.
- ഒരു തെളിവും ഇല്ലാതെ മറ്റുള്ളവരെക്കുറിച്ച് അപവാദം പറയുന്നത് സ്വാതന്ത്ര്യമല്ല.
- പൊതു ഇടങ്ങൾ മലിനമാക്കുന്നതും സർക്കാർ സ്വത്തുക്കൾ നശിപ്പിക്കുന്നതും സ്വാതന്ത്ര്യമല്ല.
- മറ്റുള്ളവരുടെ വികാരങ്ങളെ മുറിവേൽപിക്കുന്നത് സ്വാതന്ത്ര്യമല്ല.
- നമുക്ക് സന്തോഷം ലഭിക്കണമെന്ന് കരുതി മറ്റുള്ളവരെ കളിയാക്കുന്നത് സ്വാതന്ത്ര്യമല്ല.
- 'ഇതെല്ലാം അറിയാത്തതു കൊണ്ട് സമാധാനമുണ്ട്' എന്ന് അടിസ്ഥാന കാര്യങ്ങൾ പോലും അറിയാതിരിക്കുന്ന അബദ്ധജഡിലമായ ജീവിതവും സ്വാതന്ത്ര്യമല്ല.
- 'ആരുടെ ശല്യവുമില്ലാതെ, ഒറ്റയ്ക്ക്, സ്വസ്ഥമായിരിക്കുന്നു' എന്ന് പറയുന്നത് സ്വാതന്ത്ര്യമല്ല.ഏകാന്തതകാലംചെല്ലുന്തോറും മാനസിക പ്രശ്നം ഉണ്ടാക്കും.
- അസൂയയും മറ്റുള്ളവരെക്കുറിച്ച് എപ്പോഴും പരാതി പറയുന്നതും സ്വാതന്ത്ര്യമല്ല.
- മറ്റുള്ളവരെ താഴ്ത്തിക്കെട്ടി അനീതി കാണിക്കുന്നതും സ്വാതന്ത്ര്യമല്ല.

# ഉള്ളിൽ നിന്ന് വരുന്ന സ്വാതന്ത്ര്യം

'എന്താ രണ്ടാഴ്ചയായി സ്കൂളിൽ വന്നില്ല? ഈ രണ്ട് ആഴ്ചയിൽ എത്ര പാഠം പൂർത്തിയാക്കാമായിരുന്നെന്ന് അറിയാമോ?

ഈ ചോദ്യം കടുത്ത ശബ്ദത്തിൽ ചോദിച്ചത് അധ്യാപിക അല്ല, വിദ്യാർത്ഥിനി. 8 വയസ്സുള്ള കുട്ടി, ഇടുപ്പിൽ കൈകൾ വച്ച് ഇങ്ങനെ ചോദിച്ചപ്പോൾ എന്ത് മറുപടി പറയണമെന്ന് അറിയാതെ പതറിപ്പോയി അധ്യാപിക. മൂന്നാം ക്ലാസിൽ പഠിപ്പിക്കുന്ന ആ അധ്യാപിക സ്നേഹമുള്ളവർ ആയതിനാൽ എപ്പോഴും കുട്ടികൾ അവർക്ക് ചുറ്റും കൂടും. അധികാരത്തോടെ പെരുമാറും.

തന്റെ അച്ഛന്റെ ആകസ്മിക മരണം ഏർപ്പെടുത്തിയ ഞെട്ടൽ, അതിനു വേണ്ടി ദീർഘദൂരം യാത്ര ചെയ്ത് അമ്മയെ ആശ്വാസപ്പെടുത്തി ചില ദിവസങ്ങൾക്കുള്ളിൽ തിരിക്കേണ്ടി വന്നപ്പോൾ, ആ ഞെട്ടലിലും ക്ഷീണത്തിലും നാലു മാസം ഗർഭിണിയായ അവൾക്ക് ഗർഭം അലസിപ്പോയി. ആ സമയത്ത് ഭർത്താവ് ഓഫീസ് കാര്യത്തിന് മറ്റൊരു നാട്ടിലായിരുന്നതിനാൽ വേദനയും ദുഃഖവും പങ്കുവയ്ക്കാൻപോലുംആരുമില്ലാതെബുദ്ധിമുട്ടി... ഇവയെല്ലാം രണ്ട് ആഴ്ചയ്ക്കുള്ളിൽ സംഭവിച്ചു കഴിഞ്ഞു. ഇനിയും അവധി എടുക്കാൻ അവസരം ഇല്ലാത്ത ചുറ്റുപാടിൽ വേദന സഹിച്ച് സ്കൂളിൽ എത്തി. മുഖത്ത് ആ ഭാവഭേദമൊന്നുമില്ല.

'എനിക്ക് പെട്ടെന്ന് സുഖമില്ലാതായി' എന്ന് മാത്രം അധ്യാപിക മറുപടിഞ്ഞു. 'എന്തു പറ്റി... പനിയാണോ?' എന്ന് മറ്റൊരു പെൺകുട്ടി ആശങ്കയോടെ ചോദിച്ചു. 'അതെ, അതും ഉണ്ടായിരുന്നു. ശരി, നമുക്ക് ക്ലാസ് തുടങ്ങാം?' എന്ന് വിഷയം മാറ്റാൻ ശ്രമിച്ചു അധ്യാപിക. രണ്ട് ആഴ്ചകളിൽ നടന്ന സംഭവങ്ങൾ അവരുടെ ഓർമ്മയിൽ അലയടിച്ചു. കണ്ണുകളിൽ മുത്തു പോലെ കണ്ണീർ നിറഞ്ഞു.

'ഇപ്പോൾ എങ്ങനെയുണ്ട്?' ആദ്യം ചോദ്യം ചോദിച്ച പെൺകുട്ടി നടന്ന് അധ്യാപികയ്ക്ക് അരികിൽ എത്തി ചോദിച്ചു. 'അതെ, ശരിയായി. നമുക്ക് ക്ലാസ് തുടങ്ങാമോ?' എന്ന് ചോദിച്ചു കൊണ്ട് കണ്ണീർ തുടച്ചു അധ്യാപിക. 'ശരിയായെങ്കിൽ പിന്നെ എന്തിന് കരയുന്നു ടീച്ചർ?' എന്ന് ആ കുട്ടി ചോദിച്ചതും, അധ്യാപിക കൂടുതൽ കരയാൻ ആരംഭിച്ചു. 'സോറി, ആ വേദന ഓർത്തു പോയി. അതു കൊണ്ടാണ് കരഞ്ഞത്' എന്ന് കണ്ണുകൾ തുടച്ചു കൊണ്ട് ചിരിക്കാൻ ശ്രമിച്ചു. ചിരിക്കുന്നതു പോലെ വരുത്തി തന്റെ കസേരയിൽ ഇരുന്നു.



എല്ലാ കുട്ടികളും അരികിൽ എത്തി സ്നേഹത്തോടെ അധ്യാപികയുടെ കൈകളിൽ പിടിച്ചു. അവർക്ക് പനി ഉണ്ടോ എന്ന് ഒരു കുട്ടി കഴുത്തിൽ തൊട്ടു നോക്കി. 'വയർ വേദനയുണ്ടോ? എനിക്കും അങ്ങനെയാണ് താങ്ങാൻ കഴിയാത്ത വേദന, കരഞ്ഞു. എന്റെ അമ്മ ഒരു കഷായം ഉണ്ടാക്കി നൽകി. ഉടനേ വേദന നിലച്ചു. ഞാൻ പോയി എന്റെ അമ്മയോട് പറഞ്ഞ് കഷായം തയാറാക്കി വാങ്ങി വരട്ടെ?' എന്ന് മറ്റൊരു പെൺകുട്ടി ചോദിച്ചു. ആ സ്നേഹം ആ അധ്യാപികയെ കൂടുതൽ കരയിപ്പിച്ചു.

'കരയാതെ ടീച്ചർ, അമ്മയെ ഓർമ്മ വന്നോ?' എന്ന് മുടി രണ്ടു വശത്തേക്കും പിന്നിയിട്ടിരുന്ന ഒരു പെൺകുട്ടി ചോദിച്ചു. 'അതെ, അതുമുണ്ട്' എന്ന് അധ്യാപിക. 'ഇതാണ് ഞാൻ ഇപ്പോഴേ എന്റെ അമ്മയോട് പറഞ്ഞിട്ടുണ്ട് മിസ്. ഞാൻ വിവാഹം കഴിക്കില്ല. അതു കഴിഞ്ഞാൽ എന്റെ അമ്മയെ പിരിഞ്ഞ് മറ്റൊരാളുടെ അമ്മയുടെ വീട്ടിൽ പോകേണ്ടിവരും. എന്തിനാ, അത്?' എന്ന് തല ചായ്ച്ച് ആ പെൺകുട്ടി ചോദിച്ചപ്പോൾ, അധ്യാപിക പെട്ടെന്ന് പൊട്ടിച്ചിരിച്ചു.

'ടീച്ചർ ചിരിച്ചേ, ചിരിച്ചേ' എന്ന് ആർത്തുവിളിച്ചു കൊണ്ട് എല്ലാ കുട്ടികളും അവരെ കെട്ടിപ്പിടിച്ചു. അവരുടെ വയറ്റിൽ സൗമ്യമായി തടവിക്കൊടുത്തു ഒരു പെൺകുട്ടി. നെറ്റിയിൽ കൈ കൊണ്ട് തേച്ചു കൊടുത്തു മറ്റൊരു പെൺകുട്ടി. 'ഇപ്പോൾ നോക്കിയേ ടീച്ചർ, എല്ലാ വേദനയും പമ്പ കടക്കും.' എന്ന് എല്ലാവരും ചേർന്നു പറഞ്ഞു.



'അതെ കുട്ടികളെ, എനിക്ക് ഇപ്പോൾ വേദന ഇല്ല. എല്ലാം പറന്നു പോയി' എന്ന് പറഞ്ഞ് അധ്യാപികയുടെ മുഖത്ത് പുഞ്ചിരി പൊഴിഞ്ഞു. ആ കുട്ടികളുടെ സ്നേഹത്തിലും പരിലാളനയിലും അവരുടെ ദുഃഖങ്ങൾ, ഏകാന്തത എല്ലാ പറന്നകന്നു. പരിപൂർണ സ്നേഹത്തിൽ കുളിച്ച് അവർ തന്റെ പ്രശ്നങ്ങളിൽ നിന്ന് സ്വാതന്ത്ര്യം നേടി.

ഉള്ളിൽ നിന്ന് ഉണ്ടാകുന്ന വികാരങ്ങളാണ് ഒരാളുടെ തടങ്കലിലായ വികാരങ്ങൾക്കും സ്വാതന്ത്ര്യത്തിന്റെ വികാരങ്ങൾക്കും കാരണമാകുന്നത്. ഓരോരുത്തർക്കും ജീവിതത്തിൽ സന്തോഷം, വിജയം, ഐശ്വര്യം എന്നിങ്ങനെ പല കാര്യങ്ങൾ ആവശ്യമുണ്ട്. സ്നേഹം, സമർപ്പണം, അർപ്പണബോധം പ്രകടിപ്പിച്ച് എന്ത് ചെയ്താലും ഇവ ലഭിക്കും. ഇടയ്ക്ക് എന്ത് പ്രശ്നം ഉണ്ടായാലും, അതിൽ നിന്ന് എങ്ങനെ പുറത്തു കടക്കണം എന്നതിലാണ് നമ്മുടെ സ്വാതന്ത്ര്യം ഉള്ളത്.

ഒരു നിയന്ത്രണങ്ങളും ഇല്ലാതെ നമ്മുടെ ജീവിതയാത്രയെക്കുറിച്ച് തീരുമാനങ്ങൾ നമുക്ക് എടുക്കാൻ കഴിയുന്നുന്നുവെങ്കിൽ നമ്മുടെ ഭാവിയെക്കുറിച്ച് ഭയം ഉണ്ടാകില്ല. പ്രതീക്ഷകൾ എന്ന പേരിൽ ഈ ലോകം നമുക്ക് മേൽ അടിച്ചേൽപിക്കുന്ന എല്ലാ ഭാരങ്ങളിൽ നിന്നും മുക്തി നേടുന്നതാണ് യഥാർത്ഥ സ്വാതന്ത്ര്യം.

അംഗപരിമിതികൾ കൊണ്ട് മറ്റൊരാളുടെ സഹായം ഇല്ലാതെ ചലിക്കാൻ കഴിയാത്ത ഭിന്ന ശേഷിക്കാരെ ഓർത്തു നോക്കണം. അതേ സമയത്തിൽ ഒരു ജയിൽപുള്ളിയെയും ദിവസവും രാവിലെ മുതൽ വൈകുന്നേരം വരെ ഒരേ ജോലി ചെയ്യുന്ന ഒരു തൊഴിലാളിയെയും താരതമ്യം ചെയ്യണം. ഈ മൂന്നു പേരും തങ്ങൾക്ക് സ്വാതന്ത്ര്യം ഇല്ല എന്നേ പറയൂ. കാരണം. ഓരോരുത്തരുടെ കാഴ്ചപ്പാടിലും സ്വാതന്ത്ര്യം വ്യത്യസ്തമായത്.

'മറ്റൊരാളുടെ സഹായം ഇല്ലാതെ എനിക്ക് വീടിന് പുറത്തിറങ്ങാൻ കഴിയില്ല. ഒരു ഗ്ലാസ് വെള്ളം കുടിക്കാൻ പോലും ഞാൻ മറ്റൊരാളെ പ്രതീക്ഷിക്കേണ്ടതുണ്ട്' എന്ന് വേദനിക്കും ഭിന്നശേഷിയുള്ള വ്യക്തി. 'എനിക്ക് എല്ലാം ഉണ്ടെങ്കിലും ഇങ്ങനെ വന്ന് ഒറ്റമുറിയിൽ അടഞ്ഞു കിടക്കുന്നു... ഈ വാതിലിന് അപ്പുറമുള്ള ലോകം എനിക്ക് കാണാൻ കഴിയുന്നില്ല. ചിന്തിച്ച സമയത്ത് ചിന്തിച്ച സ്ഥലത്ത് പോകാനുള്ള സ്വാതന്ത്ര്യം എനിക്ക് ഇല്ല' എന്ന് ദുഃഖിക്കും ജയിൽപുള്ളി.

തൊഴിലാളിയുടെ ദുഃഖം മറ്റൊരു വിധത്തിലായിരിക്കും. 'ജയിലിൽ ആയിരുന്നെങ്കിൽ ഞാൻ മൂന്നു നേരം ഭക്ഷണം കഴിച്ച് സമാധാനത്തോടെ വിശ്രമിക്കുമായിരുന്നു. ഇങ്ങനെ ദിവസവും രാവിലെ എഴുന്നേറ്റ് ബസ് പിടിച്ച് ഓഫീസിൽ പോയി, മാടു പോലെ ജോലി ചെയ്ത് വീണ്ടും തിക്കിത്തിരക്കി വീട്ടിൽ വന്നു ചേരുന്ന ദുരിത ജീവിതം ജീവിക്കേണ്ടിയിരിക്കുന്നു' എന്ന് തൊഴിലാളി പുലമ്പും.

എല്ലാവർക്കും ചില കാര്യങ്ങളിൽ സ്വാതന്ത്ര്യം ഉണ്ട്. ചില കാര്യങ്ങളിൽ നിയന്ത്രണങ്ങളും ഉണ്ട്. നമ്മുടെ മനസ്സ് എന്താണോ ചിന്തിക്കുന്നത്, അങ്ങനെ ആയിരിക്കും നമ്മുടെ ജീവിതം. ●

ദിവസവും രാവിലെ വാക്കിംഗ് പോകും ഒരാൾ. പാർക്കിൽ പോകില്ല. തന്റെ വീടിരിക്കുന്ന ഭാഗത്തെ ചില സ്ട്രീറ്റുകൾ ചുറ്റി വരും. ഒരു ദിവസം അതിനും അപ്പുറം അടുത്ത ഏരിയയിലേക്ക് പോയി. അപ്പോഴാണ് ഒരു ഭംഗിയുള്ള ബംഗ്ലാവ് അദ്ദേഹത്തിന്റെ കണ്ണിൽ പെട്ടത്. ആ കെട്ടിടത്തേക്കാൾ കോമ്പൗണ്ട് ഭിത്തിക്കരികിൽ ഉണ്ടായിരുന്ന ഒരു മരമാണ് അദ്ദേഹത്തെ ആകർഷിച്ചത്.

മറ്റൊരാളുടെ വീട് ആണെന്ന ചിന്ത പോലും തോന്നാതെ അദ്ദേഹം ഗേറ്റ് തുറന്ന് ഉള്ളിൽ കടന്ന് കാണാൻ ആരംഭിച്ചു. പച്ചപ്പട്ട് വിരിച്ച പോലെ സമൃദ്ധമായ ഇലകൾ, ശാഖകൾ നാലു പാടും താണു കിടക്കുന്നു. അവിടവിടെ ചില പൂക്കൾ പൂത്തു നിൽക്കുന്നു. അതിന്റെ ഭംഗി ആസ്വദിച്ചു കൊണ്ടിരിക്കേ, 'ആരാ അത്? എന്താ വേണ്ടത്?' എന്ന് പരിഭ്രമിച്ച ശബ്ദം കേട്ടു. വീട്ടുടമസ്ഥൻ ആണെന്ന് മനസ്സിലായി.

'നിങ്ങളുടെ വീട്ടു വാതിൽക്കൽ ഭംഗിയുള്ള മരം കണ്ടു. ഈ നഗരത്തിൽ ഇത്തരത്തിൽ അപൂർവമായ ഒരു മരം കണ്ടതും നിങ്ങളെ അഭിനന്ദിക്കാൻ തോന്നി' എന്ന് വന്നയാൾ പറഞ്ഞു. വീട്ടുടമസ്ഥന് സന്തോഷം. അദ്ദേഹത്തെ വീട്ടിനുള്ളിലേക്ക് ക്ഷണിച്ച് ചായ നൽകി. സംസാരിച്ച് അദ്ദേഹം വാതിൽ കടന്ന് പുറത്ത് എത്തിയപ്പോൾ, വീട്ടുടമസ്ഥൻ തന്റെ ജോലിക്കാരെ വിളിച്ച്, 'ഈ മരത്തിന്റെ ശാഖകൾ



# ചെത്തി മിനുക്കണം സ്വാതന്ത്ര്യം

അരിയണം' എന്ന് പറഞ്ഞത് കാതിൽ വീണു.

അദ്ദേഹം അതേ സ്ട്രീറ്റിന്റെ അതിർ വരെ വാക്കിംഗ് പോയി തിരിച്ചെത്തിയപ്പോൾ, ആ മരത്തിന്റെ ചില്ലകൾ അരിഞ്ഞ് പുറത്ത് ഇട്ടിരുന്നു. ഇപ്പോൾ എത്തി നോക്കിയപ്പോൾ മരം അലങ്കോലമായി കാണപ്പെട്ടു. ചുറ്റിലും പടർന്നിരുന്ന എല്ലാ ശാഖകളും വെട്ടിയിരിക്കുന്നു. അവയിൽ ഉണ്ടായിരുന്ന പൂക്കളും നഷ്ടമായി. ഉയരത്തിലുള്ളശാഖകൾമാത്രംഒഴിവാക്കിയിരുന്നു. കണ്ടതും അദ്ദേഹത്തിന് സങ്കടം തോന്നി. 'ഈ വീട്ടുടമസ്ഥന്ഭ്രാന്ത്ആണോ?ഞാൻഅഭിനന്ദിച്ചത് സഹിക്കാതെ വെട്ടാൻ പറഞ്ഞതാണോ! എന്തു കൊണ്ട് ഇങ്ങനെ ചെയ്തു? ഉള്ളിൽ പോയി ഒന്നും പറയരുതായിരുന്നു' എന്ന് ചിന്തിച്ചു.

അതിനു ശേഷം ആ സ്ട്രീറ്റിന്റെ ഭാഗത്തേക്കേ അദ്ദേഹം പോയില്ല. മൂന്നു മാസം കഴിഞ്ഞ് വാക്കിങ് പോയപ്പോൾ സുഹൃത്ത് ഒരാൾ ഫോൺ ചെയ്തു, ഫോണിൽ സംസാരിച്ചു കൊണ്ടേ ആ ഏരിയയിൽ എത്തി. ഫോൺ വച്ച ശേഷമാണ് കാര്യം മനസ്സിലായത്. 'ശരി, ആ വീടിന്റെ ഭാഗത്ത് പോയി നോക്കാം' എന്ന് ചിന്തിച്ച് പോയി. അദ്ദേഹം അമ്പരന്നു പോയി. ആ മരം ഉയരത്തിൽ വളർന്നിരിക്കുന്നു. ശാഖകൾ അരിഞ്ഞ അടയാളമേ മനസ്സിലായില്ല. പച്ച പടർന്ന് കാണാൻ ഇമ്പമായിട്ടുണ്ടായിരുന്നു. മരം മുഴുവനും ധാരാളം പൂക്കളും, മരത്തിന് ആരോ നേർച്ചയായി അലങ്കാരം ചെയ്തതു പോലെ ഉണ്ടായിരുന്നു.

എന്തോ ജോലി ചെയ്ത് വാതിൽക്കൽ എത്തിയ വീട്ടുടമസ്ഥൻ, ഇദ്ദേഹത്തെ ശ്രദ്ധിച്ചു. 'വരൂ, വരൂ, കുറേ നാളായല്ലോ ഈ ഭാഗത്തേക്ക് കണ്ടിട്ട്' എന്ന് കുശലാന്വേഷണം നടത്തി. ഇദ്ദേഹം മടിച്ച്, 'നിങ്ങളോട് എനിക്ക് ദേഷ്യമാണ്. അന്ന് ഞാൻ നിങ്ങളുടെ ബംഗ്ലാവിന്റെ മുന്നിൽ മരം നന്നായി വളർന്നു നിൽക്കുന്നു എന്ന് പറഞ്ഞതും ശാഖകൾ വെട്ടിയരിഞ്ഞു കളഞ്ഞു. ഞാൻ അമ്പരന്നു പോയി. അതിനാലാണ് ഈ ഭാഗത്തേക്ക് വരാത്തത്' എന്ന് പറഞ്ഞു. 'ഇപ്പോഴോ?' എന്ന് അദ്ദേഹം ചിരിച്ചു കൊണ്ടേ ചോദിച്ചു. 'മരം നന്നായി വളർന്നിരിക്കുന്നു. ധാരാളം പൂക്കളും ഉണ്ട്. എനിക്ക് അത്ഭുതം മാറുന്നില്ല' എന്ന് പറഞ്ഞു വന്ന വ്യക്തി.

'അന്ന് ഞാൻ എല്ലാ ഭാഗത്തേക്കും പടർന്നിരുന്ന ശാഖകൾ വെട്ടി വിടാതിരുന്നിരുന്നെങ്കിൽ, മരം നന്നായി വളരില്ലായിരുന്നു. പൂക്കൾ പൂക്കില്ലായിരുന്നു. വെറും ഇലകൾ മാത്രമേ ഉണ്ടായിരുന്നിരിക്കൂ. അന്ന് ശാഖകൾ വെട്ടിക്കളഞ്ഞതിനാലാണ് ഇന്ന് മരം പൂത്തുലഞ്ഞു നിൽക്കുന്നത്' എന്ന് അഭിമാനത്തോടെ പറഞ്ഞു വീട്ടുടമസ്ഥൻ.

ഇത് നമ്മുടെ ജീവിതത്തിലും സത്യമാണ്. ജീവിതത്തിന്റെ വളർച്ചയ്ക്ക് ഇതാണ് ലക്ഷ്യം എന്ന് ഒരു കാര്യത്തിനായി അധ്വാനിക്കുമ്പോൾ, എല്ലാവരുടേയും ശ്രദ്ധ അതിന്മേൽ ഉണ്ടാകില്ല. ഏതേതോ ആഗ്രഹങ്ങളും മനചാഞ്ചല്യങ്ങളും മനസ്സിൽ തിരയടിക്കും. ഏകാഗ്രത നഷ്ടപ്പെടുത്താൻ ഈ ടെക്നോളജി യുഗത്തിൽ ധാരാളം കാര്യങ്ങൾ എത്തിയിട്ടുണ്ട്. അവ അവഗണിച്ച് ഏകാഗ്രമായി അധ്വാനിക്കാതിരുന്നാൽ യുവത്വം, പാടവം, ബുദ്ധി എന്നിങ്ങനെ എല്ലാം ചേമ്പിലയിലെ വെള്ളം പോലെയാകും. നന്നായി വളർന്ന് ധാരാളം പൂത്ത ആ മരം പഠിപ്പിക്കുന്ന പാഠം ഇതാണ്.

സ്വാതന്ത്ര്യം, സ്നേഹം, സന്തോഷം, അവബോധം എന്നിങ്ങനെ പോസിറ്റീവ് ആയ വികാരങ്ങൾ എല്ലാം ഇത്തരത്തിൽ ഒറ്റലക്ഷ്യത്തോടെ തേടി അനുഭവപ്പെടുന്നവയാണ്. സ്വാതന്ത്ര്യം എന്നത് വെളിയിൽ നിന്ന് വരുന്ന ഒന്നല്ല. അത് നമുക്കുള്ളിൽ ഉള്ളതാണ്. സ്വാതന്ത്ര്യത്തിന് എതിരായത് ഏതാണോ അതെല്ലാം മറികടന്ന് നമുക്കുള്ളിൽ അന്വേഷിക്കുമ്പോഴാണ് സ്വാതന്ത്ര്യം ലഭിക്കുന്നത്.

സ്വാതന്ത്ര്യത്തിന് എതിരായ പ്രവർത്തികൾ ഏതൊക്കെയാണെന്ന് കണ്ടറിഞ്ഞ് അവയിൽ നിന്ന് നിങ്ങളെ മോചിപ്പിക്കണം. അതിനു ശേഷം നിങ്ങളുടെ പക്കൽ ഏതാണോ സ്വാഭാവികമായി ശേഷിക്കുന്നത്, അതാണ് നിങ്ങളുടെ സ്വാതന്ത്ര്യം. ഒരു കാര്യം നിങ്ങളുടെ പക്കൽ ഇല്ലാത്തപ്പോഴാണ്, അല്ലെങ്കിൽ നഷ്ടപ്പെടുമ്പോഴാണ്, അത് പുറത്തു നിന്ന് നേടാൻ കഴിയുന്നത്. സ്വാഭാവികമായ ജീവിതത്തിൽ നിങ്ങൾ സ്വാതന്ത്ര്യം ഒരിക്കലും നഷ്ടപ്പെടുത്തില്ല.

ഒരു വൈരക്കൽ പൊടിയും അഴുക്കും പാറയും പൊതിഞ്ഞ് തിളക്കം നഷ്ടപ്പെട്ട് കിടക്കുന്നതു പോലെ, നിങ്ങളുടെ സ്വാതന്ത്ര്യം മറഞ്ഞിരിക്കുകയാണ്. വൈരം ചെത്തി മിനുക്കുന്നതു പോലെ, നിങ്ങളും നിങ്ങളുടെ സ്വാതന്ത്ര്യം ചെത്തി മിനുക്കണം. ●

# അക്കാലത്തെ സ്വാതന്ത്ര്യം

'കുഞ്ഞായിരുന്നപ്പോൾ സ്വതന്ത്രരായിരുന്നു' എന്ന് ചിലർ ഓർക്കാറുണ്ട്. മറ്റു ചിലർ, 'അക്കാലത്തെ മനുഷ്യർ സ്വതന്ത്രരായി ജീവിച്ചു. നമ്മളാണ് ജയിലിലടയ്ക്കപ്പെട്ടിരിക്കുന്നത്' എന്ന് ദുഃഖിക്കും.



ആദിമ മനുഷ്യരുടെ ഗുഹാജീവിതം സ്വതന്ത്രമായിരുന്നു എന്ന് നമുക്ക് അറിയാം. ജോലിക്ക് പോയി സമ്പാദിക്കേണ്ട അവശ്യമില്ല. കടം, ഇ എം ഐ പ്രശ്നം ഇല്ല. ഏതെങ്കിലും ഒരു ഗുഹയിൽ ജീവിച്ച്, ഏതെങ്കിലും വസ്ത്രമായി ധരിച്ച് ഏതോ മൃഗങ്ങളെ വേട്ടയാടി കഴിച്ച ജീവിതം നമുക്ക് സ്വതന്ത്രമായത് എന്ന് തോന്നാം. പക്ഷേ ആ ജീവിതത്തിൽ ഉണ്ടായിരുന്ന പ്രതിസന്ധികൾ ചിന്തിച്ചു നോക്കൂ. ഏത് മൃഗം ആക്രമിച്ച് മരണം സംഭവിക്കുമെന്ന് ഭയന്നു ഭയന്ന് ജീവിച്ച്, ധാരാളം ദിവസങ്ങൾ കഴിക്കാൻ ഒന്നും ലഭിക്കാതെ പട്ടിണി കിടന്ന്, ഏത് ഭക്ഷണം, ഏത് വിഷം എന്ന് അറിയാതെ കണ്ടതെല്ലാം ഭക്ഷിച്ച് കാൽനടയായി ചുറ്റിത്തിരിഞ്ഞ കാലം സ്വതന്ത്രമായത് എന്ന് പറയുന്നവർ ആരും അത്തരത്തിലുള്ള ജീവിതം വീണ്ടും ആഗ്രഹിക്കില്ല.

വീട് വയ്ക്കാൻ പഠിച്ച്, ഗ്രാമഗ്രാമാന്തരങ്ങളിൽ ബന്ധുക്കളോടൊപ്പം ജീവിച്ച് കൃഷി ചെയ്ത് ശീലിച്ചപ്പോഴാണ് മനുഷ്യ ജീവിതത്തിൽ സമാധാനം വന്നത്. കുടുംബ ബന്ധങ്ങളും ഉത്തരവാദിത്തങ്ങളും നമ്മെ ജയിലിലടച്ച് വച്ചിരിക്കുന്നതായി തോന്നാം. പക്ഷേ അതാണ് മനസ്സിന് സ്വാതന്ത്ര്യം നൽകി പല കണ്ടുപിടുത്തങ്ങൾ മനുഷ്യർ നടത്താൻ കാരണമായത്. ഇന്നത്തെ നവീന ജീവിതം, ആ സ്വതന്ത്ര്യത്തിന്റെ സമ്മാനമാണ്.

# സ്വാതന്ത്ര്യം എന്നത് സ്വാഭാവികത

മനുഷ്യരിൽ സ്വാഭാവികമായി സ്വാതന്ത്ര്യത്തിന്റെ വികാരം ഉണ്ട്. അതിനാലാണ് ഒരാളെ ശിക്ഷിക്കാൻ ശ്രമിക്കുന്ന സർക്കാർ ആ വ്യക്തിയെ ജയിലിൽ അടയ്ക്കുന്നത്. ഒരാൾക്ക് നൽകുന്ന ഏറ്റവും വലിയ ശിക്ഷ എന്നത്, ആ വ്യക്തിയുടെ സ്വാതന്ത്ര്യം തടയുന്നതാണ്. ആ സ്വാതന്ത്ര്യം നഷ്ടമായാൽ, ഓരോ നിമിഷവും അവർ വേദനിക്കും.

ചിന്തിച്ച സമയത്ത് ചിന്തിച്ച ഇടത്തിൽ ഒരു വിധ തടസ്സവും ഇല്ലാതെ പോകാൻ കഴിയുന്നതിനേക്കാൾ വലിയ സ്വാതന്ത്ര്യം മറ്റൊന്നില്ല. നാല് ചുവരിനുള്ളിൽ അടയ്ക്കപ്പെട്ട ഇരുമ്പഴിക്ക് പുറത്ത് കണുന്ന ഒരു വരാന്ത മാത്രം ജീവിതകാലം മുഴുവനും കണ്ടുകൊണ്ടിരിക്കുന്നതിനേക്കാൾ വലിയ ശിക്ഷ ഇല്ല. ആരെയും മാനസികമായി അത് തളർത്തും.

ധാരാളം പേർ കാടുകയറി ചിന്തിച്ച് സ്വയം ബലഹീനരും കഴിവറ്റവരും ആണെന്ന് കരുതി, സ്വപ്നത്തിലെ ജയിലിൽ ജീവിക്കും. നമ്മുടെ ചിന്തകളെ നമ്മെ ചങ്ങലയ്ക്കിടാൻ അനുവദിക്കരുത്. നമ്മളിൽ നിന്ന് നാം സ്വാതന്ത്ര്യം നേടുമ്പോൾ, ഈ ജയിലിലെ വാതിൽ തകർന്നടിയും.

# മനസ്സിന് സ്വാതന്ത്ര്യം

കാട്ടുവഴിയിലൂടെ പൊയ്ക്കൊണ്ടിരിക്കുകയായിരുന്നു ഒരാൾ. അപ്പോൾ 'സ്വാതന്ത്ര്യം.... സ്വാതന്ത്ര്യം' എന്ന് ആരോ ഉച്ചത്തിൽ പറയുന്ന അയാൾ കേട്ടു. അരികിൽ ഉള്ള ഗുഹയിൽ നിന്ന് വന്നതാണ് ആ ശബ്ദം. അടുത്തു ചെന്നതും ഒരു തത്തയുടെ ശബ്ദമാണെന്ന് മനസ്സിലായി. ഗുഹയ്ക്കുള്ളിൽ പോയി നോക്കിയാൽ, ഒരു സ്വർണക്കൂടിൽ അടച്ചിട്ടിരിക്കുന്ന ഭംഗിയുള്ള തത്ത. ഗുഹയിൽ മറ്റാരെയും കാണാനില്ല. തത്തയെ കൂട്ടിലടച്ചയാൾ വരുന്നതിനുള്ളിൽ അതിനെ സ്വതന്ത്രമാക്കണമെന്ന് കരുതി ചെന്നു. കൂടിന്റെ വാതിൽ കഷ്ടപ്പെട്ട് തുറന്നു. പക്ഷേ ആ തത്ത പറന്നു പോയില്ല. 'നീ ആവശ്യപ്പെട്ട സ്വാതന്ത്ര്യം ലഭിച്ചില്ലേ. പറന്നു പോയ്ക്കോ' എന്ന് ഉച്ചത്തിൽ പറഞ്ഞു. അത് അപ്പോഴും 'സ്വാതന്ത്ര്യം... സ്വാതന്ത്ര്യം' എന്ന് പറഞ്ഞു കൊണ്ട് അവിടെത്തന്നെ ഇരുന്നു.

കൂടിനുള്ളിൽ കൈയിട്ട് അതിനെ പിടിച്ച് പറത്തി വിടാൻ ശ്രമിച്ചപ്പോൾ അത് അയാളെ കൂർത്ത നഖങ്ങൾ കൊണ്ട് മാന്തി. എന്നിരുന്നാലും അതിനെ രക്ഷപ്പെടുത്തിയ സന്തോഷത്തിൽ ഉയരത്തിൽ പറത്തി വിട്ടു. അത് വീണ്ടും പറന്നു ചെന്ന് കൂടിനുള്ളിൽ ഇരുന്ന് 'സ്വാതന്ത്ര്യം... സ്വാതന്ത്ര്യം' എന്ന് കരഞ്ഞു. നമ്മുടെ മനസ്സിനെ ചങ്ങലയ്ക്കിട്ട് പല കാര്യങ്ങളുമായി കൂട്ടിയിണക്കി സ്വാതന്ത്ര്യം തേടുന്നവരായി നാം സ്വയം ചിന്തിക്കുന്നു. ആ ചങ്ങല പൊട്ടിച്ചെറിയുന്നതാണ് മനസ്സിന് സ്വാതന്ത്ര്യം.



## സ്വാതന്ത്ര്യത്തിന്റെ ഉത്തരവാദിത്തങ്ങൾ

ഉത്തരവാദിത്തങ്ങളിൽ നിന്ന് മോചനം നേടുന്നതാണ് സ്വാതന്ത്ര്യം എന്ന് കരുതാൻ കഴിയില്ല. ഉത്തരവാദിത്തങ്ങൾ ചെയ്യേണ്ട ആവശ്യമില്ലാത്ത ജീവിതവും സ്വതന്ത്ര ജീവിതം എന്ന് പറയാൻ കഴിയില്ല. നമുക്ക് ലഭിക്കുന്ന അവസരങ്ങളും സൗകര്യങ്ങളും കൊണ്ട് കൂടുതൽ എന്ത് ചെയ്യാൻ കഴിയുന്നോ, അത് നിറവേറ്റി കാണിക്കുന്നതാണ് സ്വതന്ത്ര ജീവിതത്തിന്റെ അർത്ഥം.

നാം തീരുമാനിച്ച് ഒരു കാര്യം ചെയ്തെങ്കിൽ, അതിന്റെ അനന്തര ഫലങ്ങൾക്കുംനാംഉത്തരവാദികളാണ്. അനന്തരഫലങ്ങളുടെ ഗുണങ്ങൾ അറിഞ്ഞ് ഇഷ്ടത്തോടെ പ്രവർത്തികൾ ചെയ്യുന്നതിലാണ് നമ്മുടെ സ്വാതന്ത്ര്യം കുടി കൊള്ളുന്നത്.

## സ്വാതന്ത്ര്യം എന്നത്....



- ഓരോ കാര്യത്തിലും നാം ഇഷ്ടപ്പെടുന്ന ചോയിസ് തിരഞ്ഞെടുക്കാനുള്ള അവകാശം ഉള്ളത്.
- നാം ആഗ്രഹിക്കുന്ന തീരുമാനം ആഗ്രഹിക്കുന്ന നേരത്തിൽ നമ്മുടെ ഇഷ്ടത്തിൽ എടുക്കാനുള്ള അവസരം ഉള്ളത്.
- സഹമനുഷ്യർ എല്ലാവർക്കും ഉള്ള അവകാശം നമുക്ക് ഉള്ളത്.
- നമ്മുടെ ജീവിതത്തിൽ നേരിടുന്ന പ്രശ്നങ്ങൾ ധൈര്യത്തോടെ നേരിടാനുള്ള കരുത്ത് ഉള്ളത്.
- മാനസികസമ്മർദ്ദം,ഭയം,ടെൻഷൻ,അസൂയഎന്നിങ്ങനെയുള്ള നെഗറ്റീവ് വികാരങ്ങൾ ഒന്നുമില്ലാതെ ജീവിക്കാൻ കഴിയുന്നത്.
- താനും ദുഃഖിച്ച് മറ്റുള്ളവരെയും ദുരിതത്തിലും മാനസിക അസ്വസ്ഥതയിലും തള്ളിവിടുന്ന മനുഷ്യരിൽ നിന്ന് സ്വാഭാവികമായി അകലാൻ കഴിയുന്നത്.
- കളിയാക്കലുകൾ, അതിരു കടക്കൽ, പരാതികൾ ഇങ്ങനെ ഒന്നും ഇല്ലാതെ സമാധാനമായി ജീവിക്കാൻ അവസരം ലഭിക്കുന്നത്.
- നാം ഇഷ്ടപ്പെടുന്ന ജീവിതം ജീവിക്കാൻ വരംലഭിക്കുന്നത്.



# പ്രശ്നങ്ങളിൽ നിന്ന് സ്വാതന്ത്ര്യം

ഉച്ചംതല മുതൽ ഉള്ളംകാൽ വരെ തനിക്കുള്ള എല്ലാ രോഗങ്ങളും പട്ടികയിട്ട്, ഇവയെ ഒറ്റമരുന്നിൽ ഗുണപ്പെടുത്തണം എന്ന് ഒരാൾ ആവശ്യപ്പെടുന്ന ഒരു കോമഡി രംഗം ഉണ്ട്. ഇത്തരത്തിൽ തന്റെ എല്ലാ പ്രശ്നങ്ങളിൽ നിന്നും മുക്തമാകാൻ ചിന്തിച്ചു ഒരു കർഷകൻ. അതിന് ഒറ്റപ്പരിഹാരം എന്തെങ്കിലും ഉണ്ടോ എന്ന് അന്വേഷിച്ചു കൊണ്ടേയിരുന്നു. സുഹൃത്തുക്കളോട് അതേക്കുറിച്ച് പുലമ്പിക്കൊണ്ടേയിരിക്കും.

കർഷകൻ താമസിച്ച ഗ്രാമത്തിൽ ഒരു ദിവസം ഒരു സന്ന്യാസി തന്റെ ശിഷ്യരോടൊപ്പം എത്തി. നാട്ടിലെ മലമുകളിൽ ഉള്ള അരശ് മരത്തണലിൽ ഇരുന്ന് ഗ്രാമവാസികൾക്ക് അനുഗ്രഹം നൽകി.

'അദ്ദേഹം ദിവ്യശക്തിയുള്ള സന്ന്യാസിയാണ്. അദ്ദേഹത്തോട് ചോദിച്ചാൽ നിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം ലഭിക്കും.' എന്ന് സുഹൃത്തുക്കൾ പറഞ്ഞു.

കർഷകൻ അദ്ദേഹത്തിന്റെ അടുത്ത് എത്തി. തനിക്ക് സന്ന്യാസി ഉപദേശിക്കുന്ന മന്ത്രം മറ്റാരെങ്കിലും കേൾക്കുമോ എന്ന ആശങ്കയിൽ എല്ലാവരും പോകും വരെ കാത്തിരുന്നു. ഗ്രാമവാസികൾ എല്ലാവരോടും സന്ന്യാസി സംസാരിച്ച ശേഷം കർഷകന്റെ അടുത്തെത്തി. അദ്ദേഹത്തിന്റെ പാദങ്ങളിൽ നമസ്കരിച്ച് തന്റെ പ്രശ്നങ്ങൾ പറയാൻ ആരംഭിച്ചു.

'എന്റെ ഭാര്യ എന്നെ കാരണമൊന്നും ഇല്ലാതെ

ശകാരിക്കുന്നു.കുട്ടികൾഎന്നെഅനുസരിക്കാറില്ല. എന്തിനേറെ, കൃഷിക്കായി ഞാൻ വളർത്തുന്ന മാടുകൾ പോലും എന്നെ അനുസരിക്കാറില്ല. പാടവും ഫലഭൂയിഷ്ഠമല്ലാത്തതിനാൽ, എന്ത് വിതച്ചാലും വിളയില്ല. ലഭിക്കുന്ന വരുമാനത്തിൽ കുടുംബം മുന്നോട്ടു കൊണ്ടുപോകുന്നതേ നാണക്കേട് ആയിരിക്കുന്നു. പക്ഷേ അസൂയക്കാർ എന്നെക്കുറിച്ച് സങ്കടപ്പെടുത്തുന്ന കാര്യങ്ങളാണ് പറയുന്നത്' എന്ന് വിവരിക്കുമ്പോൾ കർഷകന്റെ കണ്ണ് നിറഞ്ഞിരുന്നു. 'ഈ എല്ലാ പ്രശ്നങ്ങളും അവസാനിപ്പിക്കുന്ന മന്ത്രം ഒന്ന് എനിക്ക് പറഞ്ഞു തരൂ' എന്ന് അപേക്ഷിച്ചു.

സന്ന്യാസി അദ്ദേഹത്തെ ദയവോടെ നോക്കി, 'മകനേ, നീ ഏറ്റവും വലുതായി ചിന്തിക്കുന്ന വിഷയം ഉപേക്ഷിച്ച് സത്യം തേടിപ്പോകണം. അതാണ് നിനക്കുള്ള ഒരേയൊരു മാർഗം' എന്ന് പറഞ്ഞു. കർഷകൻ എന്തോ ചില നിമിഷം ആലോചിച്ച്, 'ദാ വരുന്നു സ്വാമി' എന്ന് പറഞ്ഞ് വീട്ടിലേക്ക് ഓടി. ഭാര്യയോട്, 'ഇന്നു തന്നെ ഞാൻ ആശ്രമ ജീവിതത്തിൽ പോകുന്നു' എന്ന് പറഞ്ഞു. അമ്പരന്ന ഭാര്യയോട് നടന്നത് പറഞ്ഞു.

'ഇത് നോക്കൂ, നിങ്ങൾക്ക് ജീവിതത്തിൽ എന്തെങ്കിലും പ്രശ്നം ഉണ്ടെങ്കിൽ സഹായം ചെയ്യാൻ ഞാനുണ്ട്. കുടുംബം ഉപേക്ഷിച്ച് പോകരുത്' എന്ന് ഭാര്യ അപേക്ഷിച്ചത് കാര്യമാക്കിയില്ല. സ്വന്തമായി രണ്ട് സെറ്റ് ഡ്രസ് മാത്രം എടുത്തു. 'പോകരുത്' എന്ന് കരഞ്ഞു പറഞ്ഞ മക്കളെ അവഗണിച്ച് സന്ന്യാസിയുടെ അടുത്തെത്തി. ഒരു തുള്ളി കണ്ണീർ വീഴ്ത്താതെ കുടുംബത്തെ മറക്കാൻ കഴിഞ്ഞതിൽ അദ്ദേഹത്തിന് അഭിമാനം തോന്നി. സന്ന്യാസിയെ സമീപിച്ച അദ്ദേഹം, 'ഇന്നു മുതൽ ഞാനും താങ്കൾക്ക് ശിഷ്യൻ. താങ്കളോടൊപ്പം വരുന്നു' എന്ന് പറഞ്ഞു. 'ഞാൻ ഉപേക്ഷിക്കാൻ പറഞ്ഞത്...' എന്ന് എന്തോ സന്ന്യാസി പറയാൻ ആരംഭിച്ചപ്പോൾ, അദ്ദേഹത്തെ കൂടുതൽ സംസാരിക്കാൻ അനുവദിക്കാതെ, 'ഒന്നും പറയരുത്. ഞാൻ താങ്കളോട് ഐക്യപ്പെട്ടിരിക്കുന്നു' എന്ന് പറഞ്ഞു. സന്ന്യാസി ഒരു നിഗൂഢമായ ചിരിയോടെ അദ്ദേഹത്തെ തന്നോടൊപ്പം കൂട്ടി നടന്നകന്നു.

അടുത്ത ഗ്രാമത്തിൽ നിന്ന് ഒരു കാട് വഴിയേ സന്ന്യാസിയും സംഘവും യാത്ര ആരംഭിച്ചു. താനും ഒരു സന്ന്യാസിയാണെന്ന് ചിന്തിച്ച് ഉത്സാഹത്തോടെ നടന്നു കർഷകൻ. പക്ഷേ, അത് അധിക നേരം നീണ്ടില്ല. ദീർഘദൂരം നടന്നതിൽ കാലുകൾ വേദനിച്ചു. സൂര്യൻ മറയാൻ ആരംഭിക്കുന്ന നേരത്തിൽ തണുക്കാൻ തുടങ്ങി. വിശപ്പ് തുടങ്ങി. സന്ന്യാസി സംഘം നൽകിയ എളിയ ഭക്ഷണം അദ്ദേഹത്തിന് മതിയായില്ല. രാത്രി മുഴുവനും ഒരു മരത്തിനടിയിൽ തണുപ്പിൽ വിറച്ച് കിടന്ന് ഉറങ്ങിയപ്പോൾ അദ്ദേഹത്തിന് വീട് ഓർമ്മ വന്നു.

പിറ്റേ ദിവസം രാവിലെ അദ്ദേഹത്തിന്റെ മുഖം മാറിയിരുന്നു. സന്ന്യാസി അദ്ദേഹത്തെ നോക്കി, 'എന്തു പറ്റി? ഒറ്റ ദിവസം കൊണ്ട് ഇങ്ങനെ ആയത്?' എന്ന് ചോദിച്ചു. കർഷകൻ ദേഷ്യത്തോടെ, 'എല്ലാത്തിനും താങ്കളാണ് കാരണം. താങ്കളുടെ വാക്ക് കേട്ട് സ്നേഹമതിയായ ഭാര്യയെ ഉപേക്ഷിച്ചു വന്നു. എന്റെ കുട്ടികളെ മാറ്റിനിർത്തി വന്നു. വയലിൽ നാമ്പെടുത്ത് നിൽക്കുന്ന വിളയ്ക്ക് വെള്ളം ഒഴിക്കാൻ മറന്നു. എന്നെ ഉപദേശിച്ച് തിരുത്താതെ, എന്ന് കൂടെക്കൂട്ടി വന്നില്ലേ, ഇത് ന്യായമാണോ?' എന്ന് ഉച്ചത്തിൽ ചോദിച്ചു.

സന്ന്യാസി ചിരിച്ചു. ശേഷം ഉപദേശിച്ചു. 'മകനേ, എന്റെ വാക്ക് നീ എവിടെ അനുസരിച്ചു? എന്നെ നീ സംസാരിക്കാൻ അനുവദിച്ചില്ലല്ലോ. നിനക്കുള്ളിൽ ഉള്ള 'ഞാൻ' എന്ന അഹങ്കാരമാണ് ഭാര്യയുടെ പ്രവർത്തികളിൽ കുറ്റം കണ്ടുപിടിക്കുന്നത്. മക്കളോട് സ്നേഹം കാണിക്കാതെ അവരെ അവഗണിക്കുന്നത്. അവർ മതിക്കുന്നില്ലെന്ന വികാരം നിനക്ക് അതിനാലാണ് ഉണ്ടാകുന്നത്. ആ 'ഞാൻ' എന്ന ചിന്തയെ ഉപേക്ഷിക്കാൻ പറഞ്ഞു. പക്ഷേ നീ കുടുംബത്തെ ഉപേക്ഷിച്ചു. അഹങ്കാരത്തിൽ നിന്ന് സ്വാതന്ത്ര്യം നേടി വീട്ടിലേക്ക് പോകൂ. ഭാര്യയോട് ക്ഷമ ചോദിക്കൂ. കുട്ടികളോട് സ്നേഹം കാണിക്കൂ. കൃഷി അർപ്പണബോധത്തോടെ ചെയ്യൂ. എല്ലാം മാറും' എന്ന് പറഞ്ഞ് അയാളെ തിരിച്ചയച്ചു.

ചില വർഷങ്ങൾ കഴിഞ്ഞ് സന്ന്യാസി ആ നാട്ടിൽ എത്തിയപ്പോൾ, ഗ്രാമത്തിലെ പ്രമുഖ വ്യക്തിയായി കർഷകൻ മാറിയിരുന്നു. തന്റെ സ്നേഹസമ്പന്നമായ കുടുംബത്തോടെ വന്ന് സന്ന്യാസിയിൽ നിന്ന് ആശിർവാദം വാങ്ങി.

'ഞാൻ,' 'ഞാൻ കാരണമാണ് നടക്കുന്നത്' എന്നതു പോലുള്ള ചിന്തകൾ നമ്മുടെ പക്കൽ നിന്ന് പോയാൽ, നമുക്ക് പ്രശ്നങ്ങൾ ഉണ്ടാകില്ല. ●

# ഒരോരുത്തർക്കും ഓരോരോ സ്വാതന്ത്ര്യം

നാലു വീടുകളിൽ വീട്ടു ജോലി ചെയ്തു വന്നു ഒരു സ്ത്രീ. രോഗം മൂലം അവശനായിരുന്ന അവരുടെ ഭർത്താവിന് ഇടയ്ക്കിടെ ജോലിക്ക് പോകാൻ കഴിയാത്ത അവസ്ഥ ഉണ്ടാകും. ഏതാണ്ട് ആ സ്ത്രീയുടെ വരുമാനം ആയിരുന്നു കുടുംബത്തിന്റെ ഏക ആശ്രയം.

പെട്ടെന്ന് രോഗം വഷളായി ഭർത്താവ് മരിച്ചു. ഭർത്താവ് മരിച്ച ദുഃഖം ഒരു ഭാഗത്ത്... ആശുപത്രി ചെലവുകൾക്കായി വാങ്ങിയ കടങ്ങൾ മറ്റൊരു ഭാഗത്ത്. മൂന്നു കുട്ടികളെയും ഒരാൾ തന്നെ വളർത്തി കരകയറ്റേണ്ട ഉത്തരവാദിത്തം വേറൊരു ഭാഗത്ത്... ഈ എല്ലാ ദുഃഖങ്ങളിൽ നിന്നും മോചനം നേടാൻ അവർ പ്രതികൂലമായ തീരുമാനങ്ങളൊന്നും സ്വീകരിച്ചില്ല. നിലവിൽ നാല് വീടുകളിലെ ജോലിക്കു പുറമേ മറ്റൊരു വീട്ടിലും ജോലിക്ക് പോകാൻ ആരംഭിച്ചു.

ഏത് ചുറ്റുപാടിലും പുലമ്പാതെ പുഞ്ചിരിച്ചു കൊണ്ട് ജോലി ചെയ്യുന്ന സ്ത്രീ എന്നതിനാൽ, അവർക്ക് എല്ലാ വീടുകളിലും സ്വീകാര്യത ഉണ്ട്. വീട്ടു ജോലികൾ എല്ലാം പഴയ പടി തന്നെ മികവോടെ ചെയ്തു.

ഇത് മറ്റൊരാളുടെ കഥ... 70 വയസ്സ് ആകാൻ പോകുന്ന ഇളനീർ വ്യാപാരിയാണ് മുരുകൻ. ഈ പ്രായത്തിലും കൈവിറയ്ക്കാതെ, മൂർച്ചയുള്ള കത്തി കൊണ്ട് അദ്ദേഹം ഇളനീർ വെട്ടിക്കൊടുക്കുന്ന ഭംഗി ആരെയും അമ്പരപ്പിക്കും. ഒരു തുള്ളി ഇളനീര് പാഴാക്കാതെ മികവോടെ ദ്വാരമിട്ട് ഉപഭോക്താവിന്റെ കൈയിൽ നൽകും. ഇളനീര് കുടിച്ച ശേഷം കരിക്ക് കൃത്യമായി ചുരണ്ടി നൽകും.



ഈ പ്രായത്തിലും അദ്ദേഹം എന്തിന് അധ്വാനിക്കണം? അദ്ദേഹത്തിന് രണ്ട് ആൺമക്കളും രണ്ട് പെൺമക്കളും ഉണ്ട്. എല്ലാവരും നല്ല ജോലിയിലാണ്. ഓരോരുത്തരും പ്രത്യേകം പ്രത്യേകം കുടുംബങ്ങളിൽ ഓരോ നാട്ടിൽ ജീവിക്കുന്നു. ഗ്രാമത്തിലെ വീട്ടിലാണ് ഭാര്യയോടൊപ്പം മുരുകൻ താമസിക്കുന്നത്. ഭാര്യ അടുത്ത കാലത്ത് മരിച്ചപ്പോൾ, തന്റെ ഇളനീര് കച്ചവടം അവസാനിപ്പിക്കാതെ തുടർന്നു. ആൺമക്കൾ അദ്ദേഹത്തെ തങ്ങളോടൊപ്പം വരാൻ ആവശ്യപ്പെടുന്നുണ്ട്. പക്ഷേ പെട്ടെന്ന് അങ്ങനെ പോയാൽ,മരുമക്കൾതന്നെഭാരമായികരുതുംഎന്ന വിമുഖത, തന്റെ സ്വാതന്ത്ര്യം നഷ്ടപ്പെടുമോ എന്ന ഭയം. 'എന്നാൽ സാധ്യമാകും വരെ അധ്വാനിക്കും. ഒന്നിനും കഴിയാത്ത വാർധക്യത്തിനു വേണ്ടി സമ്പാദിച്ചിട്ടുണ്ട്. അവസാന നേരത്തെ ഭക്ഷണം വരെ എന്റെ സമ്പാദ്യത്തിൽ കഴിക്കാൻ കഴിഞ്ഞാൽ, അതിനേക്കാൾ തൃപ്തി മറ്റൊന്നും ഇല്ല' എന്ന് പറയുന്നു അദ്ദേഹം.

ഇത്തരത്തിൽ ധാരാളം പേരെ ചൂണ്ടിക്കാണിക്കാം.ഓരോരുത്തർക്കും സ്വാതന്ത്ര്യം എന്നതിന്റെ അർത്ഥം വ്യത്യസ്തമാകും. ദരിദ്ര കുടുംബത്തിൽ ഉള്ള ഒരാളോട് ചോദിച്ചാൽ, തടസ്സങ്ങൾ ഒന്നും ഇല്ലാതെ വയർ നിറയെ ഭക്ഷിക്കാൻ കഴിയുന്നതാണ് യഥാർത്ഥ സ്വാതന്ത്ര്യം എന്ന് പറയും. തന്റെ കുടുംബത്തിന് അങ്ങനെ ഭക്ഷണം നൽകാൻ സാധിക്കുന്നതാണ് തൃപ്തി എന്നും പറയും.

ഇടത്തരം കുടുംബത്തിൽ ഉള്ള ഒരാളോട് ചോദിച്ചാൽ, താൻ ആഗ്രഹിക്കുന്ന ഒരു കാര്യം ഒരു വിട്ടുവീഴ്ചയും ഇല്ലാതെ ചെയ്യാൻ കഴിയുന്നതാണ് യഥാർത്ഥ സ്വാതന്ത്ര്യം എന്ന് പറയും. ഭക്ഷണത്തിനു വേണ്ടി പോരാടേണ്ട ചുറ്റുപാടിൽ ആയിരിക്കില്ല ആ വ്യക്തി. ഒരളവിൽ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാൻ പണം ഉണ്ടായിരിക്കും. പക്ഷേ, വലിയ വലിയ ആഗ്രഹങ്ങൾ പൂർത്തീകരിക്കാൻ കഴിയാത്ത അളവിൽ പ്രതിസന്ധികൾ ഉണ്ടായിരിക്കും. പല കാര്യങ്ങളിലും വിട്ടുവീഴ്ച ചെയ്യേണ്ടി വരും. കുടുംബത്തിന്റെ സൗഖ്യം കരുതി ചിലത് ത്യാഗം ചെയ്യേണ്ടി വരും.

ഒരു ധനികനോട് ചോദിച്ചാൽ, സർക്കാർ ഒരു നിബന്ധനയും വയ്ക്കാതെ എന്നെ പ്രവർത്തിക്കാൻ അനുവദിക്കുന്നതാണ് യഥാർത്ഥ സ്വാതന്ത്ര്യം എന്ന് പറയും. പല നിയന്ത്രണങ്ങളും നിബന്ധനകളും തന്റെ വളർച്ചയ്ക്ക് തടസ്സമാകുന്നു എന്ന് പുലമ്പും.

ഓരോരുത്തരുടെ ജീവിതത്തിലും, ഓരോരുത്തരുടെ കാഴ്ചപ്പാടിലും സ്വാതന്ത്ര്യം എന്നതിന് വെവ്വേറെ അർത്ഥം ഉണ്ട്. പക്ഷേ, അടിസ്ഥാനപരമായ കാര്യം, താൻ ചെയ്യാൻ ആഗ്രഹിക്കുന്ന ഒരു കാര്യം ഒരു തടസ്സവും ഇല്ലാതെ ചെയ്യാനുള്ള ചുറ്റുപാട് ഉണ്ടായിരിക്കുന്നതാണ് യഥാർത്ഥ സ്വാതന്ത്ര്യം എന്ന് പറയും. മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെ മാനിച്ച്, ശരിയും തെറ്റും ബോധ്യപ്പെട്ട് പ്രവർത്തിക്കാനുള്ള കഴിവ് എല്ലാവർക്കും ഉണ്ട്. കഠിനമായി അധ്വാനിച്ച് ലഭിക്കുന്ന വിജയം രുചിക്കുന്നവർ, പരാജയം നേരിട്ടാൽ തളർന്നു പോകും. അനന്തരഫലങ്ങളെപ്പറ്റി ദുഃഖിക്കാത്തത്ര അവരെ ഈ ലോകം താങ്ങിപ്പിടിക്കുന്നതാണ് യഥാർത്ഥ സ്വാതന്ത്ര്യത്തിന്റെ അർത്ഥം.

എല്ലാവർക്കും തങ്ങളുടെ ജീവിതത്തിൽ അടുത്ത ഘട്ടത്തിൽ പോകണം എന്ന ആഗ്രഹം ഉണ്ടായിരിക്കും. പലരാലും അത് പൂർത്തീകരിക്കാനാകില്ല. കാരണം, അവർ ഉയരത്തിൽ പറക്കാൻ ചിന്തിക്കുമ്പോൾ താഴേക്ക് പിടിച്ച് വലിക്കാൻ ധാരാളം പേർ ഉണ്ടായിരിക്കും. അതിൽ നിന്ന് വിരുദ്ധമായി, കുടുംബവും സുഹൃത്തുക്കളും അവരെ ഉയർന്ന് പറക്കാൻ അനുവദിക്കണം. അതിനുള്ള സാമ്പത്തിക ചുറ്റുപാടുകളും അവർക്ക് ലഭിക്കണം. പണം മാത്രം കൊണ്ട് വിജയം തീരുമാനിക്കാൻ കഴിയില്ല. പക്ഷേ ജീവിതത്തിൽ നാം നേരിടുന്ന പല പ്രശ്നങ്ങളിൽ നിന്ന് അതാണ് സ്വാതന്ത്ര്യം നൽകുന്നത്.

ഏത് പ്രവർത്തിയിലും ലാഭനഷ്ടങ്ങൾ ഉണ്ടാകും. വിജയപരാജയങ്ങൾ ഉണ്ടാകും. സന്തോഷമോ സന്താപമോ ഉണ്ടാകും. പക്ഷേ ഉയർന്ന ഒരു ലക്ഷ്യം ഉന്നം വച്ച് സഞ്ചരിക്കുമ്പോൾ, ഇവ രണ്ടും സമമായി കാണാനുള്ള മനസ്സ് ഉണ്ടാകേണ്ടതുണ്ട്. അത് നമ്മെ എല്ലാ തടസ്സങ്ങളും താണ്ടി ഉയരെ കൊണ്ടെത്തിക്കും. അത്തരത്തിലുള്ള ഒരു പ്രവർത്തിയിൽ എന്തെങ്കിലും നേട്ടം കൈവരിച്ച ശേഷം ഉണ്ടാകുന്ന തൃപ്തിയാണ് പരിപൂർണ സ്വാതന്ത്ര്യം. അത് നമ്മുടെ ജീവിതത്തെ അർത്ഥപൂർണമാക്കും.

# സ്വാതന്ത്ര്യത്തിന്റെ അർത്ഥം



'ജീവിതത്തിൽ ഒരു ദിവസം പോലും കഷ്ടപ്പെട്ട് ജോലി ചെയ്യേണ്ട ആവശ്യം ഉണ്ടാകരുത്. എനിക്ക് ഇഷ്ടപ്പെട്ട ജോലി, ഇഷ്ടപ്പെട്ട സമയത്ത് ചെയ്യണം. അതിൽ ധാരാളം സമ്പാദിക്കണം. റിട്ടയർ ആകുമ്പോൾ കടലോരത്തിൽ ഭംഗിയുള്ള ഒരു ബംഗ്ലാവ് സ്വന്തമായുണ്ടായിരിക്കണം. വിശ്രമകാലം മുഴുവനും പണത്തെക്കുറിച്ച് ദുഃഖിക്കരുതാത്തത്ര ബാങ്ക് അക്കൗണ്ടിൽ സമ്പാദ്യം ഉണ്ടായിരിക്കണം. ഇതാണ് എന്നെ സംബന്ധിച്ച് സ്വാതന്ത്ര്യം.'

ഇങ്ങനെ ചിന്തിക്കുന്ന യുവാക്കൾ ധാരാളം പേരുണ്ട്. ദൈനംദിന ജീവിതത്തിലെ ഉത്തരവാദിത്തങ്ങൾ അവർ വെറുക്കുന്നു. ജോലി വെറുക്കുന്നു. ശരീരമോ ബുദ്ധിയോ കഷ്ടപ്പെട്ട് അധ്വാനിക്കുന്നതും അവർ വെറുക്കുന്നു. എന്തെങ്കിലും ഒരു ലക്ഷ്യം ഏൽപിച്ച് ഈ ഉയരത്തിൽ ബിസിനസ് ചെയ്യണം എന്ന് ആവശ്യപ്പെട്ടാൽ പതറിപ്പോകും. 'അക്കങ്ങൾക്ക് പിന്നാലേ ഓടിക്കുന്നു' എന്ന് പുലമ്പും. ആഴ്ചാവസാനം ഒരു ദിവസം ഏതെങ്കിലും ഹൈറേഞ്ചിലോ കടൽക്കരയിലോ വിനോദ സഞ്ചാര കേന്ദ്രത്തിലോ പോകുമ്പോൾ 'ഈ ദിവസം പോലെ എല്ലാ ദിവസവും ആകാത്തതെന്തേ' എന്ന് ദുഃഖിക്കും.

ഇത് അസാധ്യവും തെറ്റുമായ സ്വപ്നം. സ്വാതന്ത്ര്യം എന്നത് 24 മണിക്കൂറും വിശ്രമവും വിനോദവും ആയിരിക്കുന്നതല്ല. ഏത് ജോലി ചെയ്താലാണോ നമുക്ക് പ്രോത്സാഹനം ലഭിക്കുന്നത്, ആ ജോലി ഉത്സാഹത്തോടെ ചെയ്യുന്നത്. നാം വ്യാപൃതരായിരിക്കുന്ന മേഖലയിലെ എല്ലാ നവീന സാങ്കേതികവിദ്യകളും അറിയുന്നത്. എന്തു ചെയ്യുമ്പോഴാണ് നമുക്ക് മനസ്സ് നിറയുന്നത്, ആ പ്രവൃത്തി അർപ്പണബോധത്തോടെ ചെയ്യുന്നത്.


'അമ്പത് വയസ്സ് ആകുമ്പോൾ വിശ്രമിക്കാൻ, ഇപ്പോഴേ ഫാം ഹൗസ് വാങ്ങൂ' എന്നൊക്കെയുള്ള പരസ്യങ്ങൾ കാണാറുണ്ട്. മനുഷ്യർ വെറുതെയിരിക്കാൻ സൃഷ്ടിക്കപ്പെട്ടവരല്ല. മനുഷ്യർ മാത്രമല്ല, ഏത് ജീവിവർഗവും വെറുതേയിരിക്കാൻ സൃഷ്ടിക്കപ്പെട്ടവയല്ല. അധ്വാനമാണ് ജീവിക്കുന്നതിന്റെ മൂലമന്ത്രം.

റിട്ടയർ ആയി വീട്ടിലിരിക്കുന്നവരോട് ചോദിച്ചാൽ, 'വെറുതേ ഇരിക്കുന്നത് വലിയ ബുദ്ധിമുട്ടാണ്' എന്നത് മനസ്സിലാകും. ഇത്രയും കാലം തങ്ങളുടെ അടയാളമായിരുന്ന ഒരു ജോലി വിട്ട് ചാരുകസേരയിൽ ജീവിതം തള്ളിനീക്കുന്നത് കഷ്ടമാണ്. അതിനാലാണ് 60 വയസ്സ് കഴിഞ്ഞും പലരും വിശ്രമിക്കാതെ അധ്വാനിക്കുന്നത്.

വിശ്രമവും വിനോദവും അവശ്യമായത്. അപ്പോഴേ ശരീരവും മനസ്സും നവോന്മേഷം നേടി നമുക്ക് ഉത്സാഹത്തോടെ പ്രവർത്തിക്കാൻ കഴിയൂ. എന്നാൽ, വിശ്രമവും വിനോദവും മാത്രം ജീവിതമായിരുന്നാൽ, അത് സ്വതന്ത്രമായ ജീവിതമല്ല. അത്തരത്തിലുള്ള ജീവിതം നമുക്ക് ഒന്നും നൽകില്ല. കഠിനാധ്വാനം ഇല്ലാതെ തീർച്ചയായും പണം വരില്ല. സ്വാതന്ത്ര്യത്തിന്റെ അർത്ഥം ഉത്സാഹത്തോടെയുള്ള അധ്വാനമാണ് എന്നത് നാം മനസ്സിലാക്കേണ്ടതുണ്ട്.



Owned, Published by K.R. NAGARAJAN, Published from 10, Sengunthapuram Mangalam Road, TIRUPUR - 641 604 & Printed by B. ASHOK KUMAR at RATHNA OFFSET PRINTERS, 40, Peters Road, Royapettah, Chennai - 600 014. Editor : T.J. GNANAVEL


Inners for Winners
RAMRAJ
VESTS
BRIEFS • TRUNKS
EVERYDAY ARMOUR FOR TODAY'S PERFORMERS
Shreyas Iyer - Cricketer
SCAN QR CODE FOR STORE LOCATION
SUKRA SUPER FINE COTTON VESTS
ROMEX SUPERIOR BANIANS
RISE-UP PREMIUM BANIANS
ACOSTE LUXURY INNERWEARS
Breeze Eye Let Vests
WinStripe STRIPED BANIANS
ARCHERY GYM VEST
COMPACT PREMIUM COTTON RIB VESTS
LITTLE STARS KIDS INNERWEARS
Available at Ramraj Showrooms and All Leading Textile Shops | Shop Online at www.ramrajcotton.in

Venma Monthly - Postal Registration No. TN/TRU/31/2024-26. Registered with the Registrar of Newspapers for India under No.TNMAL/2017/75251.
Day of Publishing: 01-08-2025.Posted at Tirupur BPC on 5th of every month.

